# ക്രൈസ്തവ
# വനിത

**March - April   2012**

**"നിങ്ങൾ ജീവനുള്ളവനെ മരിച്ചവരുടെ**
**ഇടയിൽ അന്വേഷിക്കുന്നതു എന്ത്?**
**അവൻ ഇവിടെ ഇല്ല ഉയിർത്തെഴുന്നേറ്റിരിക്കുന്നു"**
**(ലൂക്കോസ് 24:5,6)**

# CHRISTIAN
# *WOMAN*

A fundamental Christian bi-monthly publication
of the women, by the women, for the women

# ക്രൈസ്തവ *വനിത*


Annamma C. John   Founder

Telephone 0471-244-9018   email: preethadenny@yahoo.com
Mobile: 9495679664



## Editorial Board

Mrs. Preetha Denny — Chief Editor
Mrs. Mary Anchan — Associate Editor

Sub Editors
Mrs. Sherine Kingston    Mrs. Sobha Selin


## ഉള്ളടക്കം


| | |
|---|---|
| എഡിറ്റോറിയൽ | 1 |
| വേദപുസ്തക വനിതകൾ | 3 |
| ആത്മഹത്യയ്ക്ക് ടെലിവിഷന്റെ പങ്ക് | 6 |
| എന്റെ കർത്താവിന്റെ ദയനീയസ്ഥിതി | 9 |
| മൂന്നു വിധവമാർ നൽകുന്ന പാഠങ്ങൾ | 10 |
| വിശ്വാസികളും സാമ്പത്തിക വ്യവസ്ഥയും | 13 |
| ഇസ്രായേൽഗൃഹം പണിത സ്ത്രീകൾ | 16 |
| വിശ്വസിച്ചവരും അനുഗമിച്ചവരും | 18 |
| ആരോഗ്യഡയറി | 20 |
| Quest 23 | 24 |
| Quest 22 -ന്റെ ഉത്തരങ്ങൾ | 25 |



വാർഷിക വരിസംഖ്യയായ അൻപതു രൂപ (₹.50/- only),
ലേഖനങ്ങൾ, കത്തുകൾ ഇവ അയയ്ക്കേണ്ട വിലാസം:

**ഷെറിൻ കിംഗ്സ്റ്റൺ**
ഗുഡ് ന്യൂസ്
ആക്കുളം റോഡ്
തിരുവനന്തപുരം- 695 031


*For private circulation only*



# സന്തോഷകരമായ ക്രിസ്തീയ ജീവിതത്തിന്റെ രഹസ്യം

"കാണ്മിൻ, നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവു നമുക്കു എത്ര വലിയ സ്നേഹം നല്കിയിരിക്കുന്നു; അങ്ങനെ തന്നേ നാം ആകുന്നു." (1 യോഹന്നാൻ 3:1)

ദൈവരാജ്യത്തിലെ അംഗങ്ങളാണ് നാം ഒരോരുത്തരും. ദൈവമക്കളുടെ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടവരാണ് രക്ഷിക്കപ്പെട്ട ഓരോ യഥാർത്ഥ വിശ്വാസിയും. ദൈവത്തിന്റെ സകലത്തിന്റെയും അവകാശിയാണ് ഒരോ യഥാർത്ഥ വിശ്വാസിയും.

ഒരു യഥാർത്ഥ ദൈവപൈതലിനെ സംബന്ധിച്ചിടത്തോളം, അവൻ എവിടെയായിരുന്നാലും ദൈവം കൂടെയുണ്ട് എന്ന സത്യമാണ് അവനെ ഭരിക്കേണ്ടത്. ഒരു യഥാർത്ഥ വിശ്വാസി തന്റെ എല്ലാ ജീവിതാവസ്ഥകളിലും ദൈവസാന്നിധ്യം അനുഭവിക്കുന്നു. ഈ സത്യം മനസ്സിലാക്കുന്നതാണ് യഥാർത്ഥ ക്രിസ്തുവിശ്വാസിയുടെ സന്തോഷത്തിന്റെ രഹസ്യം. ഈ ഒരു വിശ്വാസം വിശ്വാസികൾക്ക് നല്കുന്ന സന്തോഷം പറഞ്ഞറിയിക്കാൻ സാധിക്കുന്നതല്ല. സ്വയമായി യേശുക്രിസ്തുവിനു സമർപ്പിച്ച ഒരു വ്യക്തിക്ക് സംഭവിക്കുന്ന എല്ലാം തന്നെ ദൈവം അനുവദിച്ചതുതന്നേ ആയിരിക്കും. ദൈവത്തിനു നമ്മെക്കുറിച്ചുള്ള പദ്ധതി ഒരിക്കലും നമ്മുടെ നാശത്തിനല്ല ക്ഷേമത്തിനുള്ളതാണ് എന്ന ബോധ്യം ഏതു വിഷമഘട്ടത്തേയും തരണം ചെയ്യാൻ നമുക്കു കഴിവ് തരുന്നു. ഈ ലോകജീവിതത്തിൽ നമുക്ക് പലവിധങ്ങളായ വിഷമതകളും പ്രതിസന്ധികളും നേരിടേണ്ടതായി വരുന്നു. ചിലപ്പോൾ രോഗങ്ങളായി, മറ്റുചിലപ്പോൾ സാമ്പത്തിക വിഷമതകളായി, അല്ലെങ്കിൽ മറ്റുള്ളവരിൽ നിന്നുള്ള പരിഹാസങ്ങൾ എന്നിങ്ങനെ പലതും. ഈ ഘട്ടങ്ങളിലൊക്കെ നമ്മുടെ രക്ഷിതാവും കർത്താവുമായ യേശുക്രിസ്തു നല്കുന്ന ബലം വളരെ വലിയതാണ്. ബലഹീനരെ ബലപ്പെടുത്തുവാനും അല്പബുദ്ധിയെ പ്രകാശിപ്പിക്കാനും ദൈവവചനങ്ങൾക്ക് കഴിയുന്നു.

ഒരു ദൈവപൈതലിനെ സംബന്ധിച്ചിടത്തോളം ദൈവം അനുവദിക്കാതെ യാതൊന്നും അവന്റെ ജീവിത്തിൽ സംഭവിക്കുന്നില്ല. ഒരു ദൈവപൈതലിന്റെ ജീവിതത്തിൽ സംഭവിക്കുന്ന എല്ലാം തന്നെ ആത്യന്തികമായി ആ വ്യക്തിക്ക് നന്മയ്ക്കായി പരിണമിക്കും. ഉദാഹരണമായി ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന ജോലി നഷ്ടപ്പെട്ടു എന്നിരിക്കട്ടെ, ദൈവം അനുവദിച്ചിരിക്കുന്നതുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്. അതുകൊണ്ട് തന്നെ അതിനേക്കാൾ നല്ലൊരു ജോലി ലഭിക്കുക തന്നെ ചെയ്യും. ഒരു പക്ഷേ

നമ്മോടുള്ള അസൂയയും വിദ്വേഷവും മൂലം ദൈവപൈതലല്ലാത്ത വ്യക്തികളിൽ നിന്നും നമുക്ക് പലതരത്തിലുള്ള വിഷമതകളും സംഭവിക്കാം. എന്നാലും ദൈവം അനുവദിക്കുന്നതു കൊണ്ടായിരിക്കും അതൊക്കെ സംഭവിക്കുന്നത്. അതുമൂലം നമുക്ക് താത്ക്കാലികമായി പല വിഷമതകൾ സംഭവിക്കാമെങ്കിലും പിന്നീട് അത് നമുക്ക് നന്മയ്ക്കായി തന്നെ തീരും.

ബൈബിളിൽ യോസേഫിന്റെ കാര്യം നമുക്ക് ചിന്തിക്കാം. യോസേഫ് സ്വന്തസഹോദരങ്ങളാൽ വെറുക്കപ്പെടുകയും, തള്ളപ്പെടുകയും അടിമയായി വില്ക്കപ്പെടുകയും ചെയ്തു. സഹോദരന്മാർ യോസേഫിനോടു കാണിച്ച ആ പൈശാചികത പക്ഷേ ദൈവത്താൽ അനുവദിക്കപ്പെട്ടതു തന്നെയായിരുന്നു. യോസേഫിന് ഇതൊക്കെ സംഭവിച്ചത് ദൈവേഷ്ടപ്രകാരമായിരുന്നു. ആത്യന്തികമായി അബ്രഹാമിന്റെ കുടുംബത്തിന് അത് നന്മയ്ക്കായി പരിണമിച്ചു. ദൈവം തനിക്ക് ചെയ്ത നന്മകൾ അനുഭവിച്ചറിഞ്ഞ യോസേഫ് സഹോദരന്മാരോട് പറഞ്ഞു. "നിങ്ങൾ എന്റെ നേരേ ദോഷം വിചാരിച്ചു; ദൈവമോ, ഇന്നുള്ളതുപോലെ ബഹുജനത്തിനു ജീവരക്ഷ വരുത്തേണ്ടതിന് അതു ഗുണമാക്കിത്തീർത്തു". (ഉത്പത്തി 50:20)

പുതിയനിയമത്തിലേക്കു വരുമ്പോൾ നമ്മുടെ സകലപാപങ്ങൾക്കുമുള്ള പരിഹാരബലിയായി ദൈവം സ്വപുത്രനെ നല്കി തന്നു. നാം അനുഭവിക്കേണ്ടതായിരുന്ന സകലകഷ്ടങ്ങളും, പരിഹാസങ്ങളും അനേകമടങ്ങായി ദൈവത്തിന്റെ കുഞ്ഞാടായ ക്രിസ്തു അനുഭവിച്ചു. ദൈവത്തിന് നമ്മോടുള്ള മഹാസ്നേഹം ദൈവം ഇതിലൂടെ കാണിച്ചുതന്നു. ക്രിസ്തുവിന്റെ ഈ കഷ്ടാനുഭവങ്ങളാണ് ആത്യന്തികമായി മാനവരക്ഷയ്ക്കു കാരണമായത്. കഷ്ടതകളിൽ കൂടി കടന്നുപോയ ദൈവപുത്രൻ പാപികളുടെ മാനസാന്തരത്തിനും അതിലൂടെയുള്ള നിത്യരക്ഷയ്ക്കും കാരണമായിത്തീർന്നു. യോഹ.16:33 -ൽ ക്രിസ്തു പറയുന്നു "ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ട്, എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു."

ലോകത്തേയും മരണത്തേയും ജയിച്ച് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ അനുഗാമികളായ നമുക്ക് ഇപ്പോഴും എല്ലായ്പ്പോഴും സന്തോഷിക്കാൻ അവകാശമുണ്ട്. കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ, സന്തോഷിപ്പിൻ (ഫിലി.4:4) എന്നാണ് ഫിലിപ്യ ലേഖനത്തിലൂടെ പൗലൊസ് അപ്പോസ്തലൻ ഉത്ബോധിപ്പിക്കുന്നതും. യഥാർത്ഥ ക്രിസ്തുവിശ്വാസികളായ നമുക്ക് ഈ ലോകജീവിതത്തിലുണ്ടാകുന്ന കഷ്ടങ്ങളും പ്രയാസങ്ങളും സന്തോഷത്തോടുകൂടി തന്നെ നേരിടുവാൻ ദൈവവചനങ്ങൾ ശക്തി തരുന്നു.

**പ്രീത ഡെന്നി**
ചീഫ്എഡിറ്റർ

# വേദപുസ്തക വനിതകൾ

## യോഹന്നാൻ ഏബ്രഹാം, തിരുവനന്തപുരം

*(കഴിഞ്ഞ ലക്കത്തിൽ നിന്നും തുടരുന്നു)*

**ബത്ത്–ശേബ**

ഇസ്രയേലിലെ അന്നത്തെ പ്രവാചകനായ നാഥാൻ ദൈവനിയോഗപ്രകാരം ദാവീദിന്റെ അടുക്കൽ ചെന്ന് ഒരു കഥ പറഞ്ഞു. ധനവാനും ദരിദ്രനുമായ രണ്ടു പുരുഷന്മാർ ഉണ്ടായിരുന്നു. ആടുമാടുകളും സർവ്വ ഐശ്വര്യവുമുണ്ടായിരുന്ന ധനവാൻ സമ്പൽസമൃദ്ധിയിൽ ജീവിച്ചിരുന്നു. എന്നാൽ ദരിദ്രന് താൻ വിലയ്ക്കുവാങ്ങിയ ഒരു കുഞ്ഞാടു മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതിനെ ഒരു മകളെപ്പോലെ വാത്സല്യത്തോടു വളർത്തിയിരുന്നു. എന്നാൽ ധനവാന് വന്ന അതിഥിക്ക് ആഹാരം പാചകം ചെയ്തു കൊടുപ്പാൻ ഈ ദരിദ്രന്റെ ഒരേ ഒരു കുഞ്ഞാടിനെ ബലാൽക്കാരമായി കൊണ്ടുപോയി. പ്രവാചകനിൽ നിന്നും ദൈവിക അരുളപ്പാടുകേട്ട ദാവീദ് കോപാകുലനായി. ധനവാനായ ആ മനുഷ്യൻ ആരു തന്നെയായാലും മരണയോഗ്യൻ എന്ന് വിധിച്ചു. ഉടനേ പ്രവാചകൻ അത് മറ്റാരുമല്ല നീ തന്നെയാണ് ഈ കൊടുംപാപം ചെയ്തത്. ഊരിയാവിനെ പടക്കളത്തിന്ന് മുന്നിൽ നിറുത്തി കൊല്ലുകയും അവന്റെ ഭാര്യയെ സ്വന്തമാക്കുകയും ചെയ്ത നീ തന്നെയാണ് ആ കുറ്റവാളി എന്നു പറഞ്ഞു.

കുറ്റം നിഷേധിക്കുകയല്ല, തെറ്റ് സമ്മതിച്ച് പശ്ചാത്തപിച്ച് ദൈവത്തോടു മാപ്പ് അപേക്ഷിക്കുകയാണ് ദാവീദ് ചെയ്തത്. മാപ്പു പറഞ്ഞതിനാൽ ദാവീദിനെ മരണത്തിൽ നിന്നും വിടുവിച്ച ദൈവം കരുണാമയനാണ്. പാപത്തിന് പ്രായശ്ചിത്തത്തോടുകൂടി മാപ്പു തേടുകയാണ് പ്രതിവിധി. പാപിയെ സ്നേഹിക്കുകയും പാപത്തെ വെറുക്കുകയും ചെയ്യുന്ന പരിശുദ്ധനാണ് സത്യദൈവം. എന്നാൽ ദാവീദിന്റെ കുടുംബത്തിൽ നിന്ന് വാൾ ഒഴിഞ്ഞുപോയിരുന്നില്ല. ബത്ത്ശേബയിൽ തനിക്കുണ്ടായ കുഞ്ഞ് മരിച്ചുപോയി. തന്റെ കുടുംബത്തിൽ നിന്നുതന്നെ തന്റെ ഭാര്യമാർ അനാശാസ്യ പ്രവർത്തനത്തിന് വിധേയരാകുന്നത് ദാവീദ് തന്റെ സ്വന്തം കണ്ണുകൊണ്ടു കാണേണ്ടിവന്നു.

ദാവീദ് അനേക സത്ഗുണങ്ങളുള്ള ദൈവഭക്തനായ ഒരു രാജാവായിരുന്നു. എത്ര നല്ലവനായാലും ജഡമോഹത്താലുള്ള പാപത്തിന്റെ സ്വാധീനത പലരേയും വീഴ്ത്തിക്കളയും. മനുഷ്യരക്ഷകനായി നൂറ്റാണ്ടുകൾക്കുശേഷം മന്നിൽ അവതരിച്ച യേശു ക്രിസ്തുവിനെ ദാവീദുപുത്രൻ എന്നാണ് സംബോധന ചെയ്തത്. നമ്മുടെ ചിന്താവിഷയം

ദാവീദല്ലാത്തതിനാൽ തന്നെക്കുറിച്ചുള്ള ചിന്ത ചുരുക്കുകയാണ്.

എന്നാൽ ബത്ത്ശേബയെ ഈ അവിഹിതബന്ധത്തിൽ വിധേയയായിത്തീരാൻ കാരണമായത് ആ സ്ത്രീ അതീവസുന്ദരിയായിരുന്നു. ബാഹ്യമായ സൗന്ദര്യം ശരീരഭംഗി അതാണ് ദാവീദിന് അവളിൽ താത്പര്യം തോന്നാൻ കാരണം. ഇന്ന് ശരീരസൗന്ദര്യം വർദ്ധിപ്പിക്കാൻ സ്ത്രീകൾ കോടികളാണ് ചെലവഴിക്കുന്നത്. സ്ത്രീയുടെ തൃഷ്ണ മുതലെടുത്ത് വ്യവസായികളും വ്യാപാരികളും എന്തെല്ലാം സാധനങ്ങളാണ് വിപണിയിൽ ഇറക്കുന്നത്. മുടി വളരുവാൻ, വണ്ണം കുറയ്ക്കുവാൻ, മുഖം മിനുക്കുവാൻ, നര കറുപ്പിക്കുവാൻ എന്നുവേണ്ട എന്തെല്ലാം പ്രോഡക്ടുകളാണ് വിപണിയിൽ ഇറക്കുന്നത്. സഹോദരിമാരേ, എന്തെല്ലം ചെയ്ത് കൃത്രിമ സൗന്ദര്യം ഉണ്ടാക്കിയാലും അത് ശാശ്വതമല്ല. കൃത്രിമതയ്ക്ക് കാലപഴക്കത്തിൽ അപാകത വന്നുഭവിക്കുന്നതാണ്. പ്രകൃതിദത്തമായി ദൈവം നല്കിയ സൗന്ദര്യമാണ് യഥാർത്ഥമായത്. ദൈവം ബാഹ്യസൗന്ദര്യത്തിനല്ല ആന്തരിക സൗന്ദര്യത്തിനാണ് വില കല്പിച്ചിരിക്കുന്നത്. "സകലജഡവും പുല്ലുപോലെയും അതിന്റെ ഭംഗി എല്ലാം പുല്ലിന്റെ പൂപോലെയും ആകുന്നു; പുല്ലു വാടി പൂവുതിർന്നുപോയി;...." 1 പത്രൊസ്. 1:24

സൗമ്യതയും സാവധാനതയുമുള്ള മനസ്സ് എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നെയായിരിക്കണം; അത് ദൈവസന്നിധിയിൽ വിലയേറിയതാകുന്നു. (1 പത്രൊസ്. 3:4) ഇങ്ങനെയല്ലോ പണ്ടു ദൈവത്തിൽ പ്രത്യാശ വെച്ചിരുന്ന വിശുദ്ധസ്ത്രീകൾ തങ്ങളെത്തന്നേ അലങ്കരിച്ച് ഭർത്താക്കന്മാർക്കു കീഴടങ്ങിയിരുന്നത്. (1 പത്രൊസ്. 3:5) വിശുദ്ധ സ്ത്രീകൾ അലങ്കാരത്തിന്ന് ഉപയോഗിച്ചിരുന്നത് ധാത്രിയുടെ ഫേസ്പായ്ക്കോ, ദീദിയുടെ ഷാംപുവോ ആയിരുന്നില്ല. സാവധാനതയും സൗമ്യതയുമാകുന്ന പെർഫ്യൂം ആണ് ഉപയോഗിച്ചിരുന്നത്.

പല്ല് കൊഴിയും, മുടി നരയ്ക്കും, മുഖം ചുക്കിചുളിയും, കാഴ്ച മങ്ങും, ഈ ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകും. അതിനാൽ മുമ്പേ ദൈവത്തിന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ. അതോടുകൂടി സകലതും നല്കുന്നതാണ്.

രണ്ടാമത്തെ കാരണം രാജകീയമായ ഒരു അവസരം ലഭിച്ചത് പാഴാക്കരുത് എന്നും ചിലപ്പോൾ ചിന്തിച്ചിരിക്കാം. അതിമോഹം അനർത്ഥശങ്കയ്ക്ക് ഇടയാക്കുന്നതാണ്. എന്നാൽ ബത്ത്ശേബയേ സംബന്ധിച്ചിടത്തോളം ഇത് ഒരു അതിമോഹം ആയിരുന്നില്ല. അവളുടെ ചരിത്രഭാഗം തിരുവചനത്തിൽ വായിച്ചാൽ രാജസന്നിധിയിൽ അതിവിനയത്തോടും സൗമ്യതയോടും വർത്തിച്ചിരുന്ന ഒരു ഉത്തമസ്ത്രീയായിട്ടാണ് കാണപ്പെടുന്നത്. ബത്ത്ശേബയ്ക്ക് ഞാൻ ഒരു ഭർത്തൃമതിയാണെന്ന് പറഞ്ഞ് ഒഴിയാമായിരുന്നു. എതിർന്യായം ജീവനിൽ കൊതിയുള്ള ആരും രാജശാസനം അനുസരിക്കാതിരിപ്പാൻ കഴിയുമോ എന്നതാണ്. നീതികെട്ടകാര്യം ചെയ്തിട്ട്

ജീവിച്ചിരിക്കുന്നതിനേക്കാൾ മരിക്കുന്നതാണ് ഉത്തമം.

അന്നത്തെ ഇസ്രയേലിൽ ബഹുഭാര്യത്വസമ്പ്രദായം നിലനിന്നിരുന്നു. ബത്ത്ശേബ എന്ന പേരിന്റെ അർത്ഥം ശപഥത്തിന്റെ പുത്രി എന്നാണ്. അവൾക്ക് ദാവീദിൽ നാലു പുത്രന്മാർ ജനിച്ചു. (2ശമുവേൽ 5:14, 1ദിന.3:5) ശലോമോൻ, നാഥാൻ, ശിമേയാ, ശോബാബ്. ഇവരിൽ ദാവീദിന്റെ അനന്തരഗാമിയായി രാജാവായത് ശലോമോനാണ്. അങ്ങനെ ബത്ത്ശേബ രാജമാതാവുമായി. ദാവീദിന്റെ മറ്റൊരുഭാര്യയിൽ ജനിച്ച അദോനിയാവ് ദാവീദറിയാതെ സ്വയം രാജാവായി പ്രഖ്യാപനം നടത്തി. ഈ വിവരം അറിഞ്ഞ നാഥാൻ പ്രവാചകൻ ബത്ത്ശേബയെ രാജസന്നിധിയിൽ പറഞ്ഞയക്കുകയും ശലോമോനുവേണ്ടി രാജാവ് ചെയ്തിരുന്ന ശപഥം നിറവേറ്റുവാൻ അപേക്ഷിച്ചു. അപ്രകാരമാണ് ദാവീദ് തന്റെ മകനായ ശലോമോനെ രാജാവാക്കിയത്. ഈ നിയോഗിക്കപ്പെട്ട കാര്യം ദൈവം മുൻകൂട്ടി ദാവീദിനെ അറിയിച്ചിരുന്നതാണ്.

ബത്ത്ശേബയുടെ മക്കളായ ശലോമോന്റെയും, നാഥാന്റെയും പേരുകൾ യേശുകർത്താവിന്റെ വംശാവലിയിൽ കാണപ്പെടുന്നു. (മത്താ. 1:6, ലൂക്കോ. 3:31) ബത്ത്ശേബയുടെ രണ്ടു മക്കൾ മനുഷ്യപുത്രനായി അവതരിച്ച ക്രിസ്തുയേശുവിന്റെ പിതാമഹന്മാരായിരുന്നു. ബത്ത്ശേബയുടെ തുടക്കം ശരിയായ വിധത്തിലല്ലായിരുന്നു എങ്കിലും ദൈവിക കാര്യപരിപാടിയിൽ ദൈവം അവളേയും ഉൾപ്പെടുത്തിയിരുന്നതായി അവളുടെ ചരിത്രത്തിലൂടെ മനസ്സിലാക്കാവുന്നതാണ്.

ലോകത്തിൽ ഏറ്റവും ജ്ഞാനിയും സർവ്വസമ്പന്നനുമായിരുന്ന ശലോമോന്റെ അമ്മയായിരുന്നു ബത്ത്ശേബ. മാത്രമല്ല യെരുശലേമിലെ ആദ്യദൈവാലയം ദൈവനിയോഗപ്രകാരം പണിതു സമർപ്പിച്ചതും ശലോമോനായിരുന്നു. ബത്ത്ശേബ ശപഥത്തിന്റെ പുത്രിതന്നെയായിരുന്നു.


**ഓൺലൈൻ ക്രൈസ്തവ വനിത**

2010 നവംബർ മുതലുള്ള ക്രൈസ്തവ വനിത സൗജന്യമായി വായിക്കുവാൻ ഗുഡ്ന്യൂസിന്റെ വെബ്സൈറ്റു സന്ദർശിക്കുക. http://www.gncs.org/ministries_publications.htm ലോകത്തിന്റെ ഏതു ഭാഗത്തുനിന്നും മലയാളഭാഷ അറിയാവുന്ന ഏവർക്കും ബൈബിൾ പഠിക്കയും ക്രൈസ്തവ വനിത വായിക്കയും ചെയ്യാനുള്ള സംവിധാനമായി.

നിങ്ങളുടെ വിദേശത്തുള്ള ബന്ധുമിത്രാദികളെ ഈ വിവരം അറിയിക്കണമെന്നു അഭ്യർത്ഥിക്കുന്നു.

# ആത്മഹത്യയ്ക്ക് ടെലിവിഷന്റെ പങ്ക്

**മേരി അഞ്ചൻ, തുംകൂർ**

ആധുനികകാലത്ത് വിവിധ വാർത്താമാധ്യമങ്ങളിൽ വച്ച് മുഖ്യസ്ഥാനം ടെലിവിഷനാണ്.

ഇന്ത്യയിലെ പ്രഥമ ടി.വി. കേന്ദ്രം (ടെലിവിഷനെ നാം ടി.വി. എന്നാണല്ലോ പറയാറുള്ളത്) ഡൽഹിയിലായിരുന്നു. യുനെസ്‌ക്കോ (UNESCO) ഫോർഡ് ഫൌണ്ടേഷൻ (Ford Foundation) മുതലായവയുടെ സഹകരണത്തിൽ 1959 സെപ്റ്റംബറിൽ 500 സ്കൂളുകളിൽ ടി.വി. സെറ്റുകൾ സ്ഥാപിച്ചു. അത് വിദ്യാഭ്യാസത്തിന്റെ മാധ്യമം ആയിരുന്നു. വിജ്ഞാനമാധ്യമങ്ങളായി ആരംഭിക്കപ്പെട്ട ടി.വി. ഇന്ന് വിനോദ മാധ്യമമായിത്തീർന്നിരിക്കുന്നു. സീരിയലുകൾ, വിനോദങ്ങൾ (comedy), സംഗീതം, സിനിമാ, ഫാഷൻ, പരസ്യങ്ങൾ എന്നിവയ്ക്കാണ് പ്രാധാന്യം. വാർത്തകളും, വാർത്താധിഷ്ഠിത പരിപാടികളും വീക്ഷിക്കുന്നവർ വിരളമാണ്.

ടെലിവിഷനെ ഒരു തിന്മയായി അകറ്റിനിർത്താതെ, അനന്ത സാധ്യതകളുടെ സ്രോതസായി പരിഗണിച്ച് സദുപയോഗപ്പെടുത്തേണ്ടതാണ്. വിദ്യാവിഹീനനും, പണ്ഡിതനും ഒന്നുപോലെ വീടിനുള്ളിലിരുന്നു കൊണ്ടുതന്നെ ടി.വി.യിലെ ദൃശ്യങ്ങളിലൂടെ ലോകത്തിന്റെ ഏതുഭാഗത്തും സംഭവിക്കുന്ന പ്രധാന കാര്യങ്ങൾ കാണ്മാൻ സാധിക്കുന്നു. കൊളംബസ് നവഭൂമിയിലെത്തിച്ചേർന്ന വിവരം സമുദ്രപര്യവേഷണത്തിന്റെ സ്പോൺസർ ആയിരുന്ന യൂറോപ്യൻ രാജാവിന് ലഭിക്കുവാൻ ആറുമാസക്കാലം വേണ്ടി വന്നു. ഒരു ചക്രവർത്തിയുടെ സന്ദേശം തന്റെ പ്രജകളെ അറിയിക്കുവാനുണ്ടായിരുന്ന ഏകമാർഗ്ഗം ദൂതന്മാരെ തുരഗത്തിന്മേൽ അയക്കുന്നതായിരുന്നു. കപ്പൽമാർഗ്ഗം അയച്ചിരുന്ന സന്ദേശങ്ങൾ അനേകനാളുകൾക്കുശേഷമേ ഉദ്ദിഷ്ടസ്ഥാനത്ത് എത്തിയിരുന്നുള്ളൂ. എന്നാൽ ടെലിവിഷന്റെ ആവിഷ്ക്കരണത്തോടെ സംഭവസമയത്ത് തന്നെ ലോകത്തിന് അറിയുവാനുള്ള സാധ്യതയുണ്ട്. ആംസ്ട്രോങ് (Armstrong) ചന്ദ്രനിലിറങ്ങിയ മഹാസംഭവം തത്സമയം ലോകം ദർശിച്ചു. 1991-ലെ ഗൾഫ് യുദ്ധം വീക്ഷിച്ച നാം 2001 സെപ്റ്റംബറിലെ അമേരിക്കയിലെ വേൾഡ് ട്രേഡ് സെന്റർ (World Trade Centre) എന്ന ഭീമാകാരമായ സ്ഥാപനം ഭീകരരുടെ ബോംബാക്രമണത്തിൽ നിലം പതിച്ച ഭയാനകമായ ദൃശ്യത്തിന് ദൃക്സാക്ഷികളായി! അതുപോലെ എത്ര എത്ര ദൃശ്യങ്ങൾക്ക് നാം സാക്ഷികളായി!!! അങ്ങനെ ടി.വി. ലോകത്തെ ഒരു ആഗോളഗ്രാമമായി (Global village) ത്തീർത്തിരിക്കയാണ്.

എന്നാൽ ടി.വി. ഒരു അപകടകാരിയെന്ന് മുദ്രകുത്തപ്പെടാനുള്ള പ്രധാനകാരണങ്ങൾ–

1) ആധുനിക ഗവേഷണഫലം അനുസരിച്ച് 90% പരിപാടികളിൽ അക്രമരംഗങ്ങൾ (violence) വീക്ഷിക്കുവാൻ ഇടയാകുന്നു. തുടർച്ചയായി ടി.വി. കാണുന്ന ഒരു കുട്ടി 18 വയസ്സാകുമ്പോഴേക്ക് അത്തരം 2 ലക്ഷം രംഗങ്ങൾ വീക്ഷിക്കുന്നു എന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. നിഷ്ഠൂരമായ ഹിംസയും, അമിത ലൈംഗികതയും, അസാന്മാർഗ്ഗത്തിലേക്ക് ശ്രദ്ധയെ ആകർഷിക്കുന്നതുമായ ദൃശ്യങ്ങൾ കുട്ടികൾ അനുകരിക്കാനും ഇടയുണ്ട്. ഒരു സിനിമയിലെ കൊലപാതകം അനുകരിച്ച് കൽക്കത്താക്കാരൻ സാജൻബറു എന്ന പതിനാലുകാരൻ 3 കൂട്ടുകാരുമൊത്ത് സ്വന്തം പിതാവിനെയും, വളർത്തമ്മയെയും, ഇളയസഹോദരനെയും വെട്ടിക്കൊന്നു. ആകാശത്തിലേക്കു കുതിച്ചുചാടി Thumbs Up കൈക്കലാക്കുന്ന പരസ്യമോഡലിനെ അനുകരിച്ച് ടെറസ്സിൽനിന്നും എടുത്തു ചാടിമരിച്ച പ്രബൽ സഹായിക്ക് 9 വയസ്സുമാത്രം! സിനിമയിലെയും, സീരിയലുകളിലെയും കഥാപാത്രങ്ങൾ പ്രതിസന്ധിയിൽ ആത്മഹത്യയിലൂടെയും, മദ്യപാനം, മയക്കുമരുന്ന് എന്നിവയിലും കൂടെ രക്ഷപ്പെടാൻ ശ്രമിക്കുന്നു. ഇവരെ അനുകരിക്കുന്ന യുവതീയുവാക്കൾ ആത്മഹത്യയ്ക്ക് ഒരുമ്പെടുന്നതിൽ അത്ഭുതത്തിന് അവകാശമില്ല. ദൈവത്തിന്റെ സ്വന്തം നാട് എന്ന അപരനാമത്താൽ അറിയപ്പെടുന്ന കേരളത്തിൽ ഇന്നു നടക്കുന്ന അക്രമാസക്തപ്രകടനങ്ങൾക്കും, കവർച്ചകൾക്കും, അരക്ഷിതാവസ്ഥയ്ക്കും ടി.വി. യിലെ അനുകരണം അവിഭാജ്യഘടകമാണ്.

2) ടി.വി. യിലെ അതിശയോക്തിപരവും, അവാസ്തവവുമായ പരസ്യങ്ങൾ – ടി.വി. ഭവനത്തെ വിപണിയാക്കുന്നു. ഷാംപൂ, സോപ്പ്, ക്രീം മുതലായ സൗന്ദര്യവർദ്ധക ഉത്പന്നങ്ങൾ, പുതിയവേഷവിധാനങ്ങൾ, സ്വർണ്ണാഭരണങ്ങൾ, പാത്രങ്ങൾ തുടങ്ങി മസാലപൊടികൾവരെ വിവിധചാനലുകളിലൂടെ നമ്മെ പിന്തുടരുന്നു. വൃദ്ധസ്ത്രീകളെ കൊലചെയ്ത് ആഭരണങ്ങൾ തട്ടിക്കൊണ്ടുപോകുന്ന ഈ കാലത്തെ പരസ്യങ്ങൾ നമ്മുടെ സ്ത്രീകളുടെ ആഭരണഭ്രമത്തിന്റെ തെളിവല്ലേ? പ്രാണൻ സുരക്ഷിതമല്ലെങ്കിലും, സ്വർണ്ണാഭരണങ്ങളിന്മേലുള്ള ഈ അമിത ആഗ്രഹത്തിന് സ്ത്രീകളെ വശംവദരാക്കുന്നത് ഈ പരസ്യങ്ങളാണ്. കൂടാതെ മിക്കവാറും പരസ്യങ്ങൾ യുവതികളെ വിനോദ വസ്തുവായും, അലങ്കാര ഉത്പന്നമായും, സെക്സ് സിംബലായും ചിത്രീകരിക്കുന്നു. ചുരുങ്ങിയ വസ്ത്രവും കൂടുതൽമേനിയും പ്രേക്ഷകരുടെ അധമവികാരങ്ങളെ ഉദ്ദീപിപ്പിക്കുന്നു. ടി.വി. ചാനലുകളിൽ കാണുന്നതെല്ലാം അനുകരിക്കാതെ, വിമർശനബുദ്ധി ഉപയോഗിക്കേണ്ടതാണ്.

### 3. ടി.വി.യുടെ വിശ്വാസ്യത

നാം ടി.വി.യിൽ കാണുന്ന എല്ലാ വാർത്തകളും, അപ്പാടെ വിശ്വസനീയമല്ല.

ഭരണകൂടത്തെയും, അതിനെ പരിപോഷണം ചെയ്യുന്ന താൽപര്യങ്ങളെയും ചില ചാനലുകൾ സേവിക്കുന്നു. സദ്ദാം ഹുസൈനെതിരായി ഇറാക്കിൽ നടത്തിയ യുദ്ധം റിപ്പോർട്ടുചെയ്തതിൽ C.N.N. ചാനൽ അമേരിക്കയുടെ പ്രതിരോധകാര്യാലയമായ പെന്റഗണിന്റെ (Pentagon) നിയന്ത്രണ ത്തിലായിരുന്നു. സദ്ദാം ഹുസൈന്റെ ക്രൂരതകളെ അണുവിടാതെ പ്രഖ്യാപിച്ച പാശ്ചാത്യ ടി.വി. ചാനലുകൾ അമേരിക്കൻ ഉപരോധത്തിൽ പത്തുലക്ഷത്തിലധികം ഇറാക്കികൾ മരിച്ചത് വാർത്തയാക്കിയില്ല. ഇൻഡ്യയിലും അനേകചാനലുകളുടെ ഉടമകളെ ആശ്രയിച്ചാണ് വാർത്തകൾ പ്രഖ്യാപിക്കപ്പെടുന്നത്. അതിനാൽ ടി.വി.യിലെ സകലവാർത്തകളും അപ്പാടെ വിശ്വസിക്കാൻ പാടില്ല.

ടി.വി. ഒരു ബാധ്യതയല്ല (liability); എന്നാൽ അതൊരു മുതൽക്കൂട്ടു (asset) തന്നെയാണ്. നാം അതിനെ എപ്രകാരം കൈകാര്യം ചെയ്യുന്നു എന്നുള്ളതാണ് പ്രധാനം. കുട്ടികളുടെ ഭാവി മിക്കവാറും മാതാപിതാക്കളെ ആശ്രയിച്ചിരിക്കും. ടി.വി.യിൽ പ്രദർശിപ്പിക്കുന്നതെല്ലാം യാഥാർത്ഥ്യങ്ങളല്ല. ഭാവനാസൃഷ്ടിയും അതിശയോക്തിയും കൂട്ടിച്ചേർന്നതാണെന്ന് കുഞ്ഞുങ്ങളെ പറഞ്ഞു മനസ്സിലാക്കേണ്ട ചുമതല അവർക്കുണ്ട്. മാധ്യമ ജീവിതവീക്ഷണവും (view point of Media) ക്രിസ്തീയജീവിത വീക്ഷണവും പരസ്പരവിരുദ്ധമാണ്. നിർണ്ണായകഘട്ടങ്ങളിൽ മാതാപിതാക്കൾ ഇടപെട്ട് ആവശ്യാനുസരണം ബോധവൽക്കരണം നടത്തി നെല്ലും പതിരും തിരിച്ചറിയുവാൻ അവരെ പ്രാപ്തരാക്കണം. ഒരു കുടുംബത്തിന് ഒരുമിച്ചിരുന്ന് വീക്ഷിക്കാവുന്ന പരിപാടികൾ മാത്രമേ ഭവനത്തിൽ സ്ഥാനം ഉണ്ടാകാവൂ. അനേക വീട്ടമ്മമാരും ദിവസന്തോറും സായാഹ്നം സീരിയലുകൾക്കായി സമയം വേർതിരിക്കാറുണ്ട്. മക്കൾക്ക് അവരുടേതായ പരിപാടികൾക്ക് വേറെ ടി. വി. യും !!! അനേക പരിപാടികൾക്കുമിടയിലുള്ള പരസ്യങ്ങളുടെ സമയം ത്വരിത പ്രാർത്ഥനയ്ക്ക് (Emergency Prayer) ഉപയുക്തമാക്കും! കുഞ്ഞുങ്ങളുടെ ശൈശവത്തിൽ തന്നെ അവരെ നേർവഴിയിൽ നയിക്കാതെ കതിരിന്മേൽ വളം വച്ചാൽ പ്രയോജനമില്ല, മാതാപിതാക്കളുടെ നിയന്ത്രണവും മാർഗ്ഗദർശനവും ലഭിക്കാത്ത മക്കൾ ഉപദ്രവകാരികളും, അക്രമാസക്തരുമായി വളരും. (വില്യം ഹോൾഡിംഗ്) ടി.വി. ഇന്നത്തെ തലമുറയുടെ നിയന്ത്രണത്തിലല്ല. പ്രത്യുത അവർ ടി.വി. യുടെ നിയന്ത്രണത്തിലാണ്. മാതാപിതാക്കളുടെ യാതൊരു നിയന്ത്രണവുമില്ലെങ്കിൽ മാത്രമേ ടി.വി. അപകടകാരിയാകുന്നുള്ളൂ. ഭക്ഷണമോ, വസ്ത്രമോ ഏതൊരു നിസ്സാരകാര്യം തന്നെ നിയന്ത്രണാതീതമാകുമ്പോൾ അപകടകാരിയാകുന്നു. അതിനാൽ ശരിയായരീതിയിൽ പ്രയോജനമുള്ള വിധം ടി.വി. ഉപയോഗിച്ചാൽ അത് ഇന്നത്തെ ജീവിതത്തിന് ഒരു മുതൽക്കൂട്ടാകും.

ദൈവഭയത്തിലും, അനുസരണത്തിലും മക്കളെ വളർത്തുവാൻ മാതാക്കളായ നമുക്ക് ദൈവാശ്രയവും, വിവേകവും ഉണ്ടായിരിപ്പാൻ

# എന്റെ കർത്താവിന്റെ ദയനീയസ്ഥിതി

അന്നമ്മ സി. ജോൺ, തിരുവനന്തപുരം

പരമസമ്പന്നനായ കർത്താവ് ഈ ലോകത്തിന്റെ ഉടമയായവൻ ജനിക്കുവാൻ വഴിയമ്പലം പോലും ലഭിച്ചില്ല. കിടന്നു മരിക്കുവാൻ സ്ഥലമില്ലായ്കയാൽ സ്വന്തം തോളിൽ തലചായ്ച്ച് താൻ മരിച്ചു. പാപികളായ മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കായി മാത്രം. ഓരോ ആളുകൾ പറയാറുണ്ട്. ഭർത്താവ് ദുബായിയിൽ, മോൻ ഇഞ്ചിനീയറിംഗിന് പഠിക്കുന്നു. മകൾ ഡോക്ടർ. ഇങ്ങനെപോകുന്നു. ഞങ്ങൾക്ക് ഒരു കുറവുണ്ട്. ഇതറിയുന്നവർ അതിനായി പ്രാർത്ഥിക്കണം. മോനു നല്ല ജോലി കിട്ടുവാൻ; വീടില്ല വീടുസ്വന്തമായി കിട്ടുവാൻ. ഇതിനൊന്നും മാനുഷിക നിലയിൽ നാം ഭാരപ്പെടുക വേണ്ട. ഇതൊന്നും വേണ്ടായെന്നുള്ളതല്ല. അതേസമയം യഹോവയിൽ ആശ്രയിക്കുന്നവരെ ദയ ചുറ്റിക്കൊള്ളും. സാരെഫാത്തിലെ വിധവയെ നോക്കുക. ശേഷിച്ച അല്പം മാവുകൊണ്ട് അപ്പം ചുട്ടു തിന്ന് അമ്മയും മകനും മരിക്കുവാനാഗ്രഹിച്ചിരുന്ന സമയത്താണ് ദൈവം തന്റെ പ്രവാചകനെ അയച്ചത്. അവരുടെ മാവും എണ്ണയും തീർന്നു പോയില്ല.

ഇന്ന് കിളയ്ക്കുവാൻ പോയാൽ 500 അല്ലെങ്കിൽ 600 രൂപ കിട്ടും. ആ കിളച്ചു കിട്ടുന്നതു കൊണ്ടുപോയി കുടിച്ചു തീർക്കാതെ വയ്യാതെ വരുന്ന സമയം ഉണ്ടെന്നു കരുതി അപ്പോഴെക്ക് അല്പം മിച്ചം വയ്ക്കണം. കിള പഠിച്ചാൽ മതിയായിരുന്നുവെന്നു ചിന്തിച്ചുപോകുന്നു. എന്നാൽ വിശ്വാസികളായ നമ്മുടെ ദൗത്യം അനാഥരെയും, വിധവമാരെയും അവരുടെ ദുഃഖങ്ങളിൽ ചെന്നു കാണുക. കൂടാതെ ലോകത്താലുള്ള കളങ്കം പറ്റാതെ തന്നെത്താൻ കാത്തുകൊള്ളുക. ലോകത്താലുള്ള കളങ്കം പെണ്ണുകേസ് മാത്രമല്ല. ഒരു വിശ്വാസി മറ്റുള്ളവർക്കു സകലത്തിലും മാതൃകയായിരിക്കണം. അടിപിടി, അക്രമം, കത്തിക്കുത്ത്, കൊല, പിടിച്ചുപറി, കൈക്കൂലി, കള്ളം, കളിപ്പീര്, കൊട്ടേഷൻ സംഘം, വഴക്ക്, അയൽക്കാരുടെ അതിരു മാന്തുക, നടപ്പുദോഷം, പെൺവാണിഭം, ഇവയെല്ലാം ലോകത്താലുള്ള കളങ്കത്തിന്റെ പട്ടികയിൽ പെടുന്നു. മുകളിൽ പറഞ്ഞ എല്ലാ കാര്യങ്ങളും വിശ്വാസിക്കു വിലക്കാണ്.

കൂടാതെ ഞായറാഴ്ച രാവിലെ മുതൽ വൈകിട്ടുവരെ വിശ്വാസി ജോലി ചെയ്യുക, ചെയ്യിപ്പിക്കുക. ഞായറാഴ്ച ദൈവത്തെ ആരാധിക്കുവാൻ അഥവാ ദൈവത്തിനു കൊടുക്കുവാൻ ദൈവം നീക്കി വച്ചിരിക്കുന്നു. അന്ന് ജോലികൾ ചെയ്യുവാനോ ചെയ്യിപ്പിക്കുവാനോ അനുവാദം ഇല്ല. അതും വിശ്വാസി ചെയ്താൽ ലോകാപവാദമാണ്. ലോകത്താലുള്ള കളങ്കം ആണ്. ആറു ദിവസം ജോലി ചെയ്യുക. 7-ാം ദിവസം ദൈവത്തിനുള്ളതാണ്. 7-ാം ദിവസം

*(.... ശേഷം പേജ് 12)*

# മൂന്നു വിധവമാർ നല്കുന്ന പാഠങ്ങൾ

എൽസി ബേബി, ന്യൂ യോർക്ക്

മോവാബിന്റെ തെരുവീഥിയിൽ നിന്നു കരയുന്ന മൂന്ന് വിധവമാർ!!! ദൈവത്തിന്റെ വീണ്ടെടുപ്പിന്റെ മാഹാത്മ്യത്തെ വിളിച്ചറിയിക്കുന്ന രൂത്തിന്റെ പുസ്തകത്തിൽനിന്നും അനേകം വിലയേറിയ പാഠങ്ങൾ പഠിക്കുവാനുണ്ടല്ലോ. പ്രധാനമായി ഒന്നാം അദ്ധ്യായത്തിൽ കാണുന്ന മൂന്നു വിധവമാർ നമുക്കു നല്കുന്ന പാഠങ്ങൾ എന്തൊക്കെയാണെന്നു നമുക്കു നോക്കാം.

1) 'പ്രസന്ന' എന്നർത്ഥം വരുന്ന നൊവോമി വാർദ്ധക്യത്തിലേക്കു പ്രവേശിച്ചിരിക്കുന്ന യെഹൂദ സ്ത്രീയാകുന്നു. അവളുടെ പ്രസന്നതയൊക്കെ പോയി ദുഃഖാർത്തയായിരിക്കുന്നു, കണ്ണുനീരിൽ കഴിയുന്ന വിധവ!. അപ്പത്തിന്റെ ഭവനമാകുന്ന ബേത്ലഹേമിൽനിന്നും ദൈവത്താൽ നിരോധിക്കപ്പെട്ട മോവാബിലേക്കിറങ്ങിപ്പോയ നൊവോമി നമുക്കു നല്കുന്ന പാഠം പിന്മാറ്റത്തിലേക്കിറങ്ങിപ്പോയ ഒരു വിശ്വാസിയുടെ അനുഭവമാകുന്നു. ദൈവത്താൽ അനുഗ്രഹിക്കപ്പെട്ട കനാൻ. ആണ്ടിന്റെ ആരംഭം മുതൽ അന്ത്യംവരെ ദൈവത്തിന്റെ ദൃഷ്ടി ഇരിക്കുന്ന ദേശമാകുന്നു. ദൈവത്താൽ വിളിക്കപ്പെട്ടു വിശുദ്ധീകരിച്ചു വേർപിരിച്ചു നിർത്തിയിരിക്കുന്ന ദൈവജനം ദൈവിക കല്പനകളേയും പ്രമാണങ്ങളേയും അനുസരിച്ചാൽ ലഭിക്കുന്ന അനുഗ്രഹങ്ങളും അനുസരിക്കാതിരുന്നാൽ ലഭിക്കുന്ന ശാപങ്ങളും ആവർത്തനം 28-ൽ നാം കാണുന്നു. അതുകൊണ്ട് ബെത്ലഹേമിൽ ഉണ്ടായ ക്ഷാമത്തിന്റെ കാരണം ദൈവജനത്തിന്റെ പാപമാകുന്നുവല്ലോ. അതിനുള്ള പരിഹാരം അനുതപിച്ചു, പശ്ചാത്തപിച്ചു തന്നെത്താൻ താഴ്ത്തി പാപങ്ങൾ ഏറ്റു പറഞ്ഞ് ദൈവത്തിങ്കലേക്കു തിരിയുക എന്നാകുന്നു. എന്നാൽ അതിനു മനസ്സില്ലാതെ ലൗകിക നന്മകൾ തേടി ദൈവത്താൽ നിരോധിക്കപ്പെട്ട മോവാബിലേക്കിറങ്ങിപ്പോയ യെഹൂദകുടുംബത്തിന് നേരിട്ട ദൈവത്തിന്റെ ശിക്ഷയുടെ വടി അതികഠിനമായിരുന്നു. ഭർത്താവും, രണ്ടാൺമക്കളും മരണം വഴിയായി കടന്നുപോയി. ഭവനം ശൂന്യമായി. അനുഗ്രഹങ്ങൾ ശാപമായി മാറി. സന്തോഷം സന്താപമായി മാറി. നിറഞ്ഞവൾ ഒഴിഞ്ഞവളായിത്തീർന്നു. അവൾ തന്റെ പാപങ്ങൾ ഏറ്റുപറഞ്ഞ് സ്വദേശത്തേക്കു മടങ്ങുന്നു. യേശു പറഞ്ഞ "മുടിയൻ പുത്രന്റെ" ഉപമപോലെ പിന്മാറ്റം വരുത്തുന്ന നഷ്ടം എത്ര വലിയതാകുന്നുവെന്നു പഠിക്കുവാൻ നൊവൊമിയുടെ അനുഭവം ഇടയാകട്ടെ.

2) അടുത്തതായി ഓർപ്പ എന്ന മോവാബ്യ സ്ത്രീ നമുക്കു നല്കുന്ന പാഠം ഒരു അവിശ്വാസിയുടെ അനുഭവമാകുന്നു. എങ്ങനെയോ അവൾ ഒരു യെഹൂദന്റെ ഭാര്യയായി യെഹൂദാഭവനത്തിൽ വന്നു. ഇസ്രയേലിന്റെ

ജീവനുള്ള ദൈവത്തെക്കുറിച്ചും, ദൈവജനത്തെക്കുറിച്ചും, കനാൻദേശത്തെക്കുറിച്ചും ഒക്കെ കേൾക്കുവാനും പഠിക്കുവാനുമുള്ള അവസരം അവൾക്കുണ്ടായി. എന്നാൽ അങ്ങോട്ടുപോകുവാനോ അതൊക്കെയൊന്നു കണ്ട് അനുഭവിക്കുവാനോ ലഭിച്ച അവസരം അവൾ പാഴാക്കിക്കളഞ്ഞു. നൊവോമിയോടൊപ്പം പോയാലുണ്ടാകാവുന്ന ദോഷഫലങ്ങളെയാണ് അവൾ ഓർത്തത്. അവളുടെ വിശ്വാസം പാറമേൽ വീണ വിത്തുപോലെ ഫലമില്ലാതെ ഉണങ്ങിക്കരിഞ്ഞുപോയ അല്പവിശ്വാസമായിരുന്നു. സുവിശേഷം കേൾക്കുന്നവർ അനേകരുണ്ടെങ്കിലും വിശ്വസിക്കുന്നവർ എത്ര ചുരുക്കം. തിരുവചനം കേട്ടാൽ മാത്രം പോരാ അതു നമ്മുടെ ഹൃദയങ്ങളിൽ വിശ്വാസമായി പരിണമിക്കാതെ പോയാൽ വീണ്ടെടുപ്പിന്റെ അനുഭവമില്ലാതാകും. സാഹചര്യങ്ങളുടെ സമ്മർദ്ദം അവളെ തിരിച്ച് പാപപങ്കിലമായ ജനങ്ങളിലേക്കും ഊമവിഗ്രഹങ്ങളായ ദേവന്മാരിലേക്കും വഴി നടത്തി എന്നതാണത്ഭുതം. നമ്മുടെ വിശ്വാസം എങ്ങനെയുള്ളത് എന്നു ചിന്തിക്കുക. അവിശ്വാസമുള്ള ദുഷ്ടഹൃദയം ജീവനുള്ള ദൈവത്തെ ത്യജിക്കുന്നതായിരിക്കും. ഓർപ്പയേപ്പോലെ ലോക ഇമ്പങ്ങളിലേക്കും പാപജീവിതത്തിലേക്കും വഴുതിവീഴാതിരിക്കാൻ നമുക്ക് സൂക്ഷിക്കാം. ജീവനുള്ള ദൈവത്തിൽ മാത്രം വിശ്വാസം ഉറപ്പിച്ച് ദൈവം ഒരുക്കിയിരിക്കുന്ന സൗജന്യ വീണ്ടെടുപ്പിന്റെ അവകാശികളായി ദൈവഭവനത്തിൽ ദൈവമക്കളായി വീണ്ടും ജനിച്ച് നിത്യജീവന്റെ അവകാശികളാകുവാൻ ഇടയാകട്ടെ.

3) 'സഖി' എന്നർത്ഥമുള്ള രൂത്ത് ഒരു യഥാർത്ഥ വിശ്വാസിയുടെ ചിത്രമാകുന്നു. കൃപയാലെ ഒരു യെഹൂദ ഭവനത്തിൽ പ്രവേശനം ലഭിച്ചതുമൂലം ഇസ്രയേലിന്റെ ദൈവത്തെക്കുറിച്ചും, ദൈവജനത്തെക്കുറിച്ചും, കനാൻ നാടിനെക്കുറിച്ചുമൊക്കെ കേൾക്കുവാനുള്ള അവസരം അവൾക്കു ലഭിച്ചു. അവരുടെ ന്യായപ്രമാണങ്ങളും, ആചാരാനുഷ്ഠാനങ്ങളും മോവാബ്യരുടേതിനേക്കാൾ എത്ര ശ്രേഷ്ഠതയേറിയതായിരിക്കുന്നു. ഇസ്രയേലിന്റെ ദൈവം തന്നെ ഏകസത്യദൈവമെന്ന് അവൾ ഉറച്ചു വിശ്വസിച്ചു. തന്റെ ജനം അധർമ്മികളും, ദുർന്നടപ്പുകാരും, വിഗ്രഹാരാധികളും, അഹങ്കാരികളും, ദൈവഭയമില്ലാത്തവരുമാകുന്നു. തങ്ങളുടെ പ്രധാനദേവനായ 'കെമോശ്' കേവലം ഊമവിഗ്രഹവും, മിത്ഥ്യാമൂർത്തിയും നിരപരാധികളായ ജനങ്ങളുടെ നരബലിയിൽ കൂടെ ചോരകുടിക്കുന്ന വ്യർത്ഥവിഗ്രഹം മാത്രമാകുന്നുവെന്നു മനസ്സിലാക്കിയതോടെ അവളുടെ ഹൃദയം ജീവനുള്ള ദൈവത്തിങ്കലേക്കു പറ്റിച്ചേർന്നിരുന്നു. ഏതെങ്കിലും വിധം ആ ദേശത്തെത്തി യഥാർത്ഥ ദൈവത്തെ ഒന്നു കാണണമെന്നുള്ള ആഗ്രഹം അവൾക്കുണ്ടായി. അപ്പോഴാണ് അമ്മാവിയമ്മയുടെ മടങ്ങിപ്പോക്കിന്റെ വിവരം അവൾ ഗ്രഹിച്ചത്. എന്തെല്ലാം കാര്യകാരണങ്ങൾ നൊവൊമി പറഞ്ഞുവോ എത്രയൊക്കെ അവളെ പിന്തിരിപ്പിക്കാൻ ശ്രമിച്ചുവോ അതിലൊന്നും രൂത്ത് കുലുങ്ങിയില്ല. തന്റെ സഹോദരി ഓർപ്പ പോയപ്പോൾ അവളും കൂടെ പോകും എന്ന് നൊവൊമി വിചാരിച്ച് അവളെ പ്രോത്സാഹിപ്പിച്ചെങ്കിലും ജീവനുള്ള

ദൈവത്തോടുള്ള സ്നേഹത്തിൽ നിന്നോ അവളെടുത്ത തീരുമാനത്തിൽ നിന്നോ അവളെ പിന്തിരിപ്പിക്കാൻ യാതൊരു ശക്തിക്കും സാദ്ധ്യമായിരുന്നില്ല. വിവാഹബന്ധത്തോടെ അവകാശം ലഭിച്ച യെഹൂദാ ഭവനത്തിൽ നിന്നോ, അമ്മാവിയമ്മയിൽ നിന്നോ രൂത്തിനെ വേർപെടുത്താൻ യാതൊരു ശക്തിക്കും, കാരണങ്ങൾക്കും സാദ്ധ്യമല്ലായിരുന്നു. അതായിരുന്നു അവൾ വാമൊഴിയായി ഏറ്റുപറഞ്ഞ ഉഭയസമ്മതം. "നിന്നെ വിട്ടുപിരിയുവാനും, നിന്റെകൂടെ വരാതെ മടങ്ങിപ്പോകുവാനും എന്നോടു പറയരുതേ. നീ പോകുന്നേടത്തു ഞാനും പോരും; നീ പാർക്കുന്നേടത്തു ഞാനും പാർക്കും; നിന്റെ ജനം എന്റെ ജനം, നിന്റെ ദൈവം എന്റെ ദൈവം; നീ മരിക്കുന്നേടത്തു ഞാനും മരിച്ച് അടക്കപ്പെടും; മരണത്താലല്ലാതെ ഞാൻ നിന്നെ വിട്ടുപിരിഞ്ഞാൽ യഹോവ തക്കവണ്ണവും അധികവും എന്നോടു ചെയ്യുമാറാകട്ടെ." ഇതിന്റെ വിശദാംശങ്ങൾ വിവരിക്കേണ്ടതില്ലല്ലോ. "രൂത്തോ അവളോടു പറ്റി നിന്നു" എന്നു പറഞ്ഞതിന്റെ ആഴം എത്ര അഗാധമായിരുന്നു. കൃപയാലെ വിശ്വാസംമൂലം വീണ്ടെടുക്കപ്പെട്ട് ക്രിസ്തുവിലായ ഒരു യഥാർത്ഥ വിശ്വാസിയുടെ ചിത്രം. "ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു" എന്നു പറയത്തക്ക പറ്റിച്ചേരൽ. ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്നും എന്നെ വേർപിരിക്കുന്നതാർ? എന്നു വെല്ലുവിളിക്കുവാൻ തക്ക വിശ്വാസം. കഷ്ടതയോ, സങ്കടമോ, ഉപദ്രവമോ, പട്ടിണിയോ, നഗ്നതയോ, ആപത്തോ, വാളോ? ഒന്നിന്നും സാദ്ധ്യമല്ല. മാരകരോഗത്തിനോ, പീഡനങ്ങൾക്കോ, മരണത്തിനോ, ജീവനോ, ദൂതന്മാർക്കോ, വാഴ്ചകൾക്കോ, അധികാരങ്ങൾക്കോ, ഇപ്പോഴുള്ളതിനോ, വരുവാനുള്ളതിനോ, ഉയരത്തിനോ, ആഴത്തിനോ, മറ്റു യാതൊരു സൃഷ്ടിക്കോ വേർപെടുത്താനാവാത്ത ആ ദിവ്യബന്ധം "ഞാൻ ക്രിസ്തുവിലും, ക്രിസ്തു എന്നിലും" എന്ന ബന്ധം.

പ്രിയ സഹോദരിമാരേ, ഈ മൂന്നു വിധവമാരിൽ ആരേപ്പോലെയാകുന്നു നാം ഓരോരുത്തരും എന്നു ശോധന ചെയ്യുവാൻ ഈ ലേഖനം സഹായമായി തീരട്ടെ!

---

(**എന്റെ കർത്താവിന്റെ ദയനീയസ്ഥിതി** – പേജ് 9 ന്റെ തുടർച്ച)

ദൈവത്തിന് കൊടുക്കാൻ ഉള്ള ദിവസം. ഞായറാഴ്ചയേ ജോലിക്ക് ആളെ കിട്ടുകയുള്ളൂ. തെങ്ങിൽ കയറാൻ തണ്ടാനെ ഞായറാഴ്ചയേ കിട്ടുകയുള്ളൂ. ആ ഒഴികഴിവുകൾ ദൈവത്തിന്റെ അടുക്കൽ വിലപോകില്ല. ഞായറാഴ്ച ജോലി ചെയ്താൽ ദൈവത്തിൽ നിന്നും ശിക്ഷ ലഭിക്കും. ദൈവത്തെ അനുസരിക്കുകയല്ലാതെ നാം ദൈവത്തെ അനുസരിപ്പിക്കാൻ ശ്രമിക്കരുത്. ദൈവത്തിന്റെ വഴി തികവുള്ളതാണ്. ദൈവം പറഞ്ഞാൽ പറഞ്ഞതുപോലെ ചെയ്യണം. നമ്മുടെ ഇഷ്ടപ്രകാരമുള്ള വഴിയല്ല ചെയ്യേണ്ടത്. കർത്താവിന്റെ ഇഷ്ടം നമ്മളെത്തന്നേ ശുദ്ധീകരിക്കുകയാണ്. വിശുദ്ധിയെ തികച്ച് നാം ഒരുങ്ങി നില്ക്ക എന്നുള്ള അപേക്ഷയോടെ ലേഖനം അവസാനിപ്പിക്കുന്നു.

# വിശ്വാസികളും സാമ്പത്തിക വ്യവസ്ഥയും

ഇവാ. ജോസഫ് ഇടക്കാട്ടിൽ, നിലമ്പൂർ

യേശുക്രിസ്തുവാണ് ആദ്യത്തെ കമ്മ്യൂണിസ്റ്റുകാരൻ എന്ന് കമ്മ്യൂണിസ്റ്റ് ചിന്തകന്മാർ പ്രസംഗിക്കുമ്പോൾ വിശ്വാസികൾക്ക് കൈയടിക്കുവാൻ തോന്നാറുണ്ട്. എന്നാൽ നമുക്ക് തിരിച്ച് ഒരു ചോദ്യം അവരോട് ചോദിക്കാനുണ്ട്. യേശുക്രിസ്തുവാണ് ആദ്യത്തെ കമ്മ്യൂണിസ്റ്റുകാരനെങ്കിൽ യേശുവിന്റെ ഉപദേശങ്ങൾക്കാണല്ലോ 'പിന്നീടുവന്ന കമ്മ്യൂണിസ്റ്റുകാരുടെ ഉപദേശങ്ങളേക്കാൾ' പ്രാധാന്യം കൊടുക്കേണ്ടത്. അപ്പോൾ അവർ യേശുവിന്റെ ഉപദേശം സ്വീകരിച്ച് ആദ്യം യേശുവിന്റെ ശിഷ്യരായിത്തീരട്ടെ എന്ന് നമുക്ക് വാദിക്കാം.

നമ്മിൽ ബഹുഭൂരിപക്ഷം പേർക്കും സോഷ്യലിസമെന്താണെന്നോ കമ്മ്യൂണിസം എന്താണെന്നോ മുതലാളിത്തമെന്താണെന്നോ വലിയ ധാരണയില്ല. ഈ അറിവ് ഇല്ലാത്തതുകൊണ്ടാണ് അനേക പ്രസംഗകർ സോവ്യറ്റ് യൂണിയനിൽ സോഷ്യലിസം നശിച്ചെന്നും നമ്മുടെ രാജ്യത്ത് സോഷ്യലിസം ആവശ്യമില്ലായെന്നുമൊക്കെ പ്രസംഗിക്കുന്നത്. അവർ ഉദ്ദേശിക്കുന്നത് റഷ്യൻ കമ്മ്യൂണിസത്തിന്റെ നാശമാണ്. ഇന്ത്യ ഒരു സോഷ്യലിസ്റ്റ് രാജ്യമാണെന്ന് ഭരണഘടനയുടെ ആമുഖത്തിൽത്തന്നെ പറയുന്നുണ്ട്. കമ്മ്യൂണിസ്റ്റുകാരുടെ എതിരാളികളായ കോൺഗ്രസ്സ് ഗവൺമെന്റ് ഭരണത്തിൽ ഇരിക്കുമ്പോഴാണ് ഇന്ത്യയെ സോഷ്യലിസ്റ്റ് രാജ്യമായി പ്രഖ്യാപിച്ചത്. അതിൽനിന്നുതന്നെ നമുക്ക് മനസ്സിലാക്കാൻ കഴിയുന്ന കാര്യം കാറൽ മാർക്സ് വിഭാവനം ചെയ്യുന്ന സോഷ്യലിസമല്ല ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്നത്. സോഷ്യലിസമെന്നാൽ സ്ഥിതിസമത്വവാദമെന്നാണ് സാമാന്യഅർത്ഥം. അതായത് ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വലിയവ്യത്യാസം കുറച്ചുകൊണ്ടു വന്ന് രണ്ടുകൂട്ടരുടേയും സ്ഥിതി ഒരുപോലെയാക്കുക എന്നതാണ് സോഷ്യലിസ്റ്റ് സമ്പദ്ഘടന എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇതുതന്നെയല്ലേ ബൈബിൾ പഠിപ്പിക്കുന്നതും. "മറ്റുള്ളവർക്ക് സുഭിക്ഷവും നിങ്ങൾക്കു ദുർഭിക്ഷവും വരേണം എന്നല്ല സമത്വം വേണം എന്നത്രേ" (2 കൊരി. 8:13).

ജനങ്ങൾക്ക് സാമ്പത്തികസമത്വം എന്ന ആശയം കാറൽ മാർക്സിന്റേയോ ലെനിന്റേയോ സ്റ്റാലിന്റേയോ ഒന്നും സംഭാവനയല്ല. യേശു കർത്താവ് പഠിപ്പിച്ചതും ശിഷ്യന്മാർ മാതൃക കാണിച്ചുതന്നതുമെല്ലാം സാമ്പത്തിക സമത്വം എന്ന ആശയം തന്നെയാണ്. യേശുവിന്റെ രാജ്യം ഐഹികമല്ലാത്തതുകൊണ്ട് ആത്മീയ വ്യവസ്ഥ മനുഷ്യനെ നിയന്ത്രിക്കണമെന്നാണ് യേശുകർത്താവ് ഉദ്ദേശിച്ചത്. എന്നാൽ പുതിയനിയമ ഉപദേശങ്ങളും ശിഷ്യന്മാർ കാണിച്ചുതന്ന മാതൃകകളും പഠിച്ചാൽ വ്യക്തികളിൽ സമ്പത്തിന്റെ കേന്ദ്രീകരണം പാടേ

നിഷേധിക്കുന്നതായി കാണാം. ഉദാ:- ധനത്തിന്റെ വഞ്ചന വചനത്തെ ഞെരുക്കുന്നു (മത്തായി 13:22). നിന്റെ നിക്ഷേപം ഉള്ളേടത്തു നിന്റെ ഹൃദയവും ഇരിക്കും (മത്തായി 6:21). ഒരു ക്രിസ്തീയ വിശ്വാസി സമ്പത്ത് കുന്നുകൂട്ടി തിന്നുമദിച്ചു ജീവിക്കുന്നത് പുതിയ നിയമ വിശ്വാസപ്രമാണങ്ങൾക്ക് എതിരാണ്. (യാക്കോബ് 5:5) സ്വന്ത കൈയാൽ വേല ചെയ്തു വേണം നമ്മൾ ജീവിതമാർഗ്ഗം കണ്ടെത്തേണ്ടത്. സുവിശേഷവേലയിൽ ആയിരിക്കുന്നവർ ജീവിതസന്ധാരണത്തിന് വേണ്ടി സ്വന്തം കൈകൊണ്ട് വേല ചെയ്യുന്നതിൽ അഭിമാനിക്കണം. ജീവിക്കാൻ വേണ്ടി മറ്റുള്ളവരുടെ മുന്നിൽ കൈനീട്ടുന്നത് നല്ലതല്ല. പൗലൊസിനെപ്പോലെ തിരക്കുപിടിച്ച ഒരു സുവിശേഷകൻ സ്വന്തകൈയാൽ വേലചെയ്യാൻ മനസ്സുകാണിച്ചു. സ്വന്തകുടുംബത്തിന്റെ കാര്യം നോക്കാൻ മാന്യമായി ജോലിചെയ്യുവാനുള്ള സാഹചര്യമുണ്ടെങ്കിൽ എല്ലാ വിശ്വാസികളും സുവിശേഷകന്മാരും ജോലി ചെയ്യുന്നതാണ് ഉത്തമം. വേല ചെയ്യുവാൻ മനസ്സില്ലാത്തവൻ തിന്നുകയുമരുത് എന്നുള്ള ബൈബിൾ വാക്യം എല്ലാവർക്കും ബാധകമാണ്. സകല കമ്മ്യൂണിസ്റ്റ് സോഷ്യലിസ്റ്റ് ചിന്താഗതികളും ഈ ഒരൊറ്റ ബൈബിൾ വാക്യത്തിനു മുമ്പിൽതന്നെ അപ്രസക്തമാവുന്നു. പുതിയ നിയമത്തിലെ സ്ഥിതിസമത്വവാദങ്ങളുടെ അടിസ്ഥാനത്തിലാണ് വിമോചന ദൈവശാസ്ത്രം രൂപം കൊണ്ടത്. എന്നാൽ പുതിയനിയമത്തിലെ വിഷയം ക്രിസ്തു കേന്ദ്രീകൃതമായ ആത്മീയ ജീവിതമായതുകൊണ്ട് വിമോചന ദൈവശാസ്ത്രത്തിന് ആഗോളമായി ജനസമൂഹങ്ങളെ സ്വാധീനിക്കുവാൻ കഴിഞ്ഞില്ല. അതായത് സാമ്പത്തിക വിമോചനത്തേക്കാൾ ആത്മീയവിമോചനം അഥവാ ആത്മ രക്ഷയ്ക്കാണ് പുതിയ നിയമം ഊന്നൽ നല്കുന്നത്.

ബൈബിൾ വിഭാവനം ചെയ്യുന്ന സമ്പദ് വ്യവസ്ഥ സോഷ്യലിസമാണെന്ന് പറഞ്ഞെന്നു കരുതി കാറൽ മാർക്സും മറ്റ് കമ്മ്യൂണിസ്റ്റുകാരും വിഭാവനം ചെയ്യുന്ന സോഷ്യലിസം ഇതല്ല. ഇതു സംബന്ധിച്ച് നമുക്ക് അടിസ്ഥാനധാരണയുണ്ടാകുന്നതിനായി ചില കാര്യങ്ങൾ കുറിക്കട്ടെ.

കാറൽ മാർക്സിന് മുമ്പ് തന്നെ സോഷ്യലിസ്റ്റ് ആശയങ്ങൾ യൂറോപ്പിലെ ചിന്തകന്മാരുടെ ഇടയിൽ രൂപം കൊണ്ടിരുന്നു. അതിൽ പലതും യുട്ടോപ്യൻ ആശയങ്ങളായിരുന്നു. അഥവാ സാങ്കല്പിക സോഷ്യലിസമായിരുന്നു. എന്നാൽ കാറൽ മാർക്സും ഏംഗൽസും ചേർന്നെഴുതിയ കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ (1848) എന്ന ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണമാണ് സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങളുടെ ഉദയത്തിന് കാരണമായിത്തീർന്നതെന്ന് പറയാം. തൊഴിലാളി വർഗ്ഗത്തിന് നഷ്ടപ്പെടുവാൻ കൈവിലങ്ങല്ലാതെ മറ്റൊന്നുമില്ലെന്നും കിട്ടാനുള്ളത് വലിയൊരു ലോകമാണെന്നും ഇത് പഠിപ്പിക്കുന്നു. കാറൽ മാർക്സ് വിഭാവനം ചെയ്ത സോഷ്യലിസ്സമാണ് കമ്മ്യൂണിസം എന്ന് പറയാം. ചൈനയിലെയും റഷ്യയിലെയും ഇന്ത്യയിലെയും കമ്മ്യൂണിസ്റ്റ് പാർട്ടികൾക്ക് തമ്മിൽ പ്രവർത്തനരീതികളിൽ വ്യത്യാസങ്ങളുണ്ട്. എങ്കിലും ഇവയുടെ ചില പൊതുസ്വഭാവങ്ങൾ താഴെ കൊടുക്കുന്നു.

ഉൽപ്പാദന ഉപാധികൾ സമൂഹത്തിന്റെ പൊതു ഉടമസ്ഥതയിലുള്ള തായിരിക്കണം. അതായത് പൊതുമേഖലക്ക് വമ്പിച്ച പ്രാധാന്യമുണ്ടെന്നർത്ഥം. സ്വകാര്യസ്വത്ത് അഭിലഷണീയമല്ല. സാമൂഹ്യനീതിയും, സമത്വവും പ്രധാന തത്വങ്ങൾ. ലാഭം ഉണ്ടാക്കുകയല്ല, സാമൂഹ്യക്ഷേമമാണ് ഗവൺമെന്റിന്റെ മുഖ്യ ലക്ഷ്യം. ഉള്ളവനും ഇല്ലാത്തവനുമെന്നുള്ള വ്യത്യാസം പാടില്ല. ഒരു വർഗ്ഗരഹിത സമൂഹമായിരിക്കണം ലക്ഷ്യം. സാമ്പത്തിക ആസൂത്രണവും നടത്തിപ്പുമെല്ലാം കേന്ദ്രഗവൺമെന്റ് നേരിട്ട് നടത്തേണ്ടതാണ്. ആത്മാവ് എന്ന മൂന്നാം ഘടകം മനുഷ്യനിൽ ഉള്ളതായി കരുതുന്നില്ല. അതുകൊണ്ടുതന്നെ ആത്മീയ ജീവിതത്തിന് പ്രസക്തിയില്ല. ഇത്തരത്തിലുള്ള സോഷ്യലിസത്തിന്റെ ഉച്ചാവസ്ഥയിൽ ഭരിക്കുന്നവനും ഭരിക്കപ്പെടുന്നവനും ഇല്ലാതാവും. ഓരോരുത്തൻ തന്റെ കഴിവിനനുസരിച്ച് അദ്ധ്വാനിക്കുകയും, തന്റെ ആവശ്യത്തിനനുസരിച്ച് ഏറ്റെടുക്കുകയും ചെയ്യാം. മിച്ചമൂല്യ സിദ്ധാന്തവും വൈരുദ്ധ്യാത്മക ഭൗതികവാദവുമൊക്കെ ഈ സോഷ്യലിസത്തിന്റെ പ്രത്യേകതകളാണ്.

ഇന്ത്യ സ്വീകരിക്കുന്നത് മിശ്രസമ്പദ്‌വ്യവസ്ഥയാണ്. അതായത് മുതലാളിത്തത്തിന്റേയും സോഷ്യലിസത്തിന്റേയും നല്ല ആശയങ്ങൾ സ്വീകരിച്ചുകൊണ്ടുള്ള സമ്പദ്‌വ്യവസ്ഥയാണ് മിശ്രസമ്പദ്‌വ്യവസ്ഥ. സോഷ്യലിസത്തിന്റേയും മുതലാളിത്വത്തിന്റേയും ഗുണദോഷങ്ങൾ വിശദമായി പഠന ക്ലാസുകളിൽ ചർച്ച ചെയ്യുന്നതാണ്.

ആത്മീയതയിൽ ഊന്നിയ സ്ഥിതിസമത്വവാദം ബൈബിൾ മുന്നോട്ടുവെച്ചപ്പോൾ കാറൽ മാർക്സും (മാർക്സിസ്റ്റ് പാർട്ടിക്ക് ഈ പേര് ലഭിച്ചത് ഇദ്ദേഹത്തിന്റെ പേരിൽ നിന്നാണ്.) മറ്റ് ആധുനിക സോഷ്യലിസ്റ്റ് വാദികളും ഭൗതിക വാദത്തിൽ വേരൂന്നിയ സ്ഥിതിസമത്വമാണ് കാഴ്ച വെച്ചത്. നിർഭാഗ്യവശാൽ ബൈബിൾ വിഭാവനം ചെയ്യുന്ന സാമ്പത്തിക സ്ഥിതിസമത്വവാദം ജനഹൃദയങ്ങളിൽ വേണ്ടതുപോലെ എത്തിക്കുവാൻ നമുക്കിന്നുവരെ കഴിഞ്ഞിട്ടില്ല. മനുഷ്യൻ അടിസ്ഥാനപരമായി ഒരു ആത്മീയജീവിയാണ്. ഭൗതികവാദം അടിസ്ഥാനമാക്കിയുള്ള സാമ്പത്തിക സിദ്ധാന്തങ്ങളും ഭരണകൂടങ്ങളും തകർന്നുപോയി. സോവ്യറ്റ് യൂണിയനിലും മറ്റ് കിഴക്കൻ യൂറോപ്യൻരാജ്യങ്ങളിലും സംഭവിച്ചത് അതാണ്. വളരെ ചിന്തനീയവും ദുഃഖകരവുമായ ഒരു കാര്യം പറയട്ടെ. ആധുനിക പെന്തക്കോസ്തുകാരിൽ ചിലരെങ്കിലും ദ്രവ്യാഗ്രഹം തലയ്ക്കുപിടിച്ച് ഭൗതികസമൃദ്ധിയാണ് അനുഗ്രഹത്തിന്റെ അളവുകോൽ എന്ന് വിശ്വസിക്കുന്നു. ഭൗതിക വാദത്തിൽ ഊന്നിയ സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങളും രാജ്യങ്ങളും തകർന്നതുപോലെ ഭൗതികസമൃദ്ധിയിൽ ഊന്നിയ ക്രിസ്ത്യൻ പ്രസ്ഥാനങ്ങളും ക്രമേണ തകർന്നുപോകും. കാരണം ഇത് ദൈവികമാണെങ്കിലല്ലേ നിലനില്ക്കുകയുള്ളൂ. സമൃദ്ധിവാദകരുടെ അടിസ്ഥാനം ഭൗതികമാണ്, ആത്മീയമല്ല.

*(അടുത്ത ലക്കത്തിൽ ഇവാ. ജോസഫ് ഇടക്കാട്ടിൽ തുടരുന്നു).*

# ഇസ്രയേൽഗൃഹം പണിത സ്ത്രീകൾ

റവ. എ.ജെ. ജോൺ, കൊഴുവല്ലൂർ

ഇസ്രയേൽ ഗൃഹം പണിതത് ആരെന്നു ചോദിച്ചാൽ പലതരത്തിലുള്ള ഉത്തരങ്ങളാകും ലഭിക്കുക. ഇസ്രയേൽ ദൈവത്തിന്റെ സ്വന്തം ജനം എന്ന ധാരണയിൽ 'ദൈവത്തിന്റെ സ്വന്തം നാട്ടുകാർ'; (God's Own Country)യിലെ ക്രൈസ്തവരിൽ ചിലർ പറഞ്ഞേക്കാം ദൈവമല്ലാതാരാ എന്നു. ഇസ്രയേൽ ഗൃഹനിർമ്മാണത്തിന്റെ പിന്നിൽ ദൈവകരങ്ങളുണ്ടായിരുന്നു എന്നത് ശരിതന്നെയാണ്. യാക്കോബിന് പന്ത്രണ്ട് പുത്രന്മാരുണ്ടായിരുന്നതുകൊണ്ട് ഗൃഹനിർമ്മാണം ഒരു പ്രശ്നമേ ആയിരുന്നില്ല എന്നു ചിന്തിക്കുന്നവരും കണ്ടേക്കാം. എന്നാൽ വിശുദ്ധ വേദപുസ്തകം അസന്നിഗ്ധമായി പ്രസ്താവിക്കുന്നത് റാഹേലും, ലേയയും; "അവർ ഇരുവരുമല്ലോ ഇസ്രയേൽ ഗൃഹം പണിതത് എന്നത്രേ" (രൂത്ത്. 4:11). ബോവസ്, പുറജാതിസ്ത്രീയായ രൂത്തിനെ ഇസ്രയേൽ നിയമപ്രകാരം ഭാര്യയായി സ്വീകരിച്ചതിനെ ന്യായീകരിച്ചുകൊണ്ട് പട്ടണവാസികളും ജനത്തിന്റെ മൂപ്പന്മാരും ചൊരിഞ്ഞ ആശിഷ പ്രകാശനത്തിലാണ് യാക്കോബിന്റെ ഭാര്യമാരായ റാഹേലും, ലേയയും പരാമർശിക്കപ്പെടുന്നത്. ഇസ്രയേൽ ഗൃഹം പണിത റാഹേലിനെപ്പോലെയും ലേയയെപ്പോലെയും രൂത്തിനെ ദൈവം അനുഗ്രഹിക്കട്ടെ എന്നാണ് പട്ടണത്തിലെ ജനങ്ങളും മൂപ്പന്മാരും പറഞ്ഞത്.

Man makes the house and the woman makes the home (makes it home) എന്നു പറയാറുണ്ടല്ലോ. സ്ഥലവും പദാർത്ഥനിർമ്മിതമായ വീടും വൈകാരികതലത്തിൽ വിവക്ഷിക്കപ്പെടുന്ന കുടുംബവും തമ്മിൽ വ്യത്യാസമുണ്ടെന്നു സാരം. തലമുറകളുടെ വടവൃക്ഷമാണ് കുടുംബം, കൂടുമ്പോൾ ഇമ്പമുള്ളതാണ് കുടുംബം എന്നു ചിലർ നിർവ്വചിക്കാറുള്ളത് വെറും ശബ്ദസംബന്ധിയാണ്; അർത്ഥവ്യാപ്തിയുള്ളതല്ല. കുടുംബാംഗങ്ങൾ അകലത്തായിരിക്കുമ്പോഴും വിരഹത്തിന്റെ നോവും നനവും കൂടിക്കലർന്ന ആർദ്രമായ ഇമ്പം കുടുംബാംഗങ്ങൾ നിനവിലും അനുഭവിക്കുന്നുണ്ട്. കുടുംബാംഗങ്ങൾ കരയാൻ മാത്രം ഒത്തുകൂടാറുള്ളപ്പോൾ തുമ്പത്തിന്റെ പേരിൽ അതു കുടുംബമല്ലാതാകുമോ? ഉപദേശിമാരുടെ വിലകുറഞ്ഞ നിർവ്വചനം ഇതുപോലെ ഒട്ടനവധിയുണ്ട്.

രണ്ടുപേർ ഒത്തുകൂടിയാൽ അവിടെയില്ലാത്ത മൂന്നാമന്റെ കുറ്റം പറയുകയാവും പതിവെന്നു പറയാറുണ്ട്. പ്രത്യേകിച്ച് സ്ത്രീകൾ! സ്ത്രീകൾ അബല ചപല എന്നൊക്കെ പണ്ടുപറഞ്ഞിരുന്നു. നാരികൾ വിശ്വവിപത്തിന്റെ നാരായവേരുകൾ എന്നും നാം കേട്ടിട്ടുണ്ട്. സ്ത്രീകൾ ഏഷണിപറയാതെ നിർമ്മദരും വിശ്വസ്തമാരും ആയിരിക്കണം എന്ന് വി. പൗലൊസും

പറയുന്നുണ്ട്. എത്ര പഠിച്ചാലും ഒരിക്കലും സത്യത്തിന്റെ പരിജ്ഞാനം പ്രാപിപ്പാൻ കഴിയാത്ത സ്ത്രീകളെക്കുറിച്ചും വി. പൗലൊസ് പറയുന്നുണ്ട്. ഇവിടെ സ്ത്രീകൾ മാത്രമല്ല ഇത്തരം പുരുഷന്മാരുമുണ്ട് എന്നോർക്കണം. സ്ത്രീരത്നങ്ങൾ എന്ന വിശേഷണവും ബൈബിളിലുണ്ട് എന്നതും വിസ്മരിക്കരുത്. നിത്യതയുടെ കാര്യപരിപാടിയിൽ ദൈവം തിരഞ്ഞെടുത്ത സ്ത്രീകളെ, ശരാശരി മനുഷ്യന്റെ മുൻവിധികളെ അതിജീവിച്ച് മഹിളാരത്നങ്ങളായി മാറിയ ഇതിഹാസ നായികമാരാണ് റാഹേലും, ലേയയും. ഇവർ യാക്കോബിന്റെ ഭാര്യമാരായിത്തീരുന്നതിന്റെ അണിയറ രംഗങ്ങൾ എബ്രായ സാഹിത്യത്തിലെ കാല്പനികതയുടെ നിറച്ചാർത്തിൽ ഹരിതാഭമായ പുൽമേടുകളിലും നീലത്താഴ്‌വരത്തോപ്പുകളിലും ഇന്ദ്രനീലത്തടങ്ങളിലും അവയുടെ അനവധി നീർച്ചാലുകളിലും സാഹിതീതാപസരെ കൂട്ടിക്കൊണ്ടുപോകുന്നു. ഗോത്രസംസ്കൃതിയുടെ പരിഛേദമായ അജകിശോരപരിപാലന പ്രയാണത്തിലെ സുഖദുഃഖ സമ്മിശ്രമായ ജീവിതയാഥാർത്ഥ്യങ്ങളുടെ നേർക്കാഴ്ചയിൽ ഇടയഗീതങ്ങളുടെ കാവ്യാനുഭൂതി പകരുന്ന ഇതിവൃത്തം ലോകസാഹിത്യത്തിൽ തന്നെ വളക്കൂറുള്ള മണ്ണായി പരിണമിച്ചിട്ടുണ്ട്. ഫോക്‌ലോർ പഠനത്തിന്റെ വിളനിലമാണ് ബൈബിളിലെ ഗോത്രജീവിതവും വിശ്വാസാചാരങ്ങളും.

സഹോദരനെയും പിതാവിനെയും അതിസമർത്ഥമായി കബളിപ്പിച്ച് നാടുവിടുന്ന യുവാവ് അതേനാണയത്തിൽ കബളിപ്പിക്കപ്പെടുവാൻ ഇടയായ ജീവിതനാടകത്തിൽ റാഹേലും, ലേയയും പങ്കാളികളാകുന്നത് കാണാം. പിതാവായ ഇസ്ഹാക്ക് യാക്കോബിനെ അനുഗ്രഹിച്ച് യാത്രയാക്കുമ്പോൾ പ്രത്യേകം പറഞ്ഞത് കനാന്യസ്ത്രീകളിൽ നിന്ന് ഭാര്യയെ എടുക്കരുത് എന്നാണ്. വിശ്വാസികൾ അവിശ്വാസികളുമായി ഇണയല്ലാപ്പിണ കൂടരുത് (2കൊരി.6:14). രക്ഷിക്കപ്പെട്ട ദൈവപൈതൽ അവിശ്വാസിയെ ജീവിതപങ്കാളിയാക്കരുത് എന്നാണിതിന്റെ അർത്ഥം. അമ്മയുടെ സഹോദരനായ ലാബാന്റെ പുത്രിമാരിൽ ഒരുത്തിയെ ഭാര്യയായി സ്വീകരിക്കാൻ പിതാവ് പറഞ്ഞിരുന്നു. എങ്കിലും യാക്കോബിനു രണ്ടുപേരെ ഭാര്യമാരായി സ്വീകരിക്കേണ്ടിവന്നു. ഒരു ഭാര്യ എന്നു പിതാവു പറഞ്ഞെങ്കിലും രണ്ടു ഭാര്യമാർ തന്റെ ജീവിതത്തിൽ ഉണ്ടാക്കിയ സംഘർഷങ്ങൾ അനവധിയാണ്. നിനക്ക് മക്കളെത്തരാൻ ഞാൻ ദൈവത്തിന്റെ സ്ഥാനത്താണോ എന്നു കോപാകുലനായി യാക്കോബ് റാഹേലിനോട് പറയേണ്ടിവന്നു. മാതുലപുത്രിയെ പരിഗ്രഹിക്കുന്നത് പൗരാണിക ഗോത്രസംസ്കാരമാണ്. ഇന്ത്യയിലെ അക്രൈസ്തവ സമൂഹം ഇന്നും അതു തുടരുന്നുണ്ട്. എന്നാൽ ക്രൈസ്തവസമൂഹം അതുപേക്ഷിച്ചിരിക്കുന്നു രക്തബന്ധത്തിലുള്ളവർ വിവാഹിതരാകാതിരിക്കുന്നതാണ് നല്ലതെന്നു വൈദ്യശാസ്ത്രവും ഉപദേശിക്കുന്നു.

# വിശ്വസിച്ചവരും അനുഗമിച്ചവരും

ജെസി ബെൻസെൻ, കൊച്ചി

കർത്താവിന്റെ ഐഹിക ശുശ്രൂഷയ്ക്കിടെ അനേകർ പല ഉദ്ദേശ്യങ്ങളോടെ അവനെ പിഞ്ചെന്നിരുന്നു. പലരും അവനെ വിശ്വസിച്ചിട്ടാണ് അവന്റെ പിന്നാലെ നടന്നിരുന്നതെങ്കിലും നിശ്ചിത പരിധിയ്ക്കപ്പുറം പോകുവാൻ അവർ സന്നദ്ധരായിരുന്നില്ല. എന്നാൽ 'എന്നെ അനുഗമിക്ക' എന്ന അവന്റെ കല്പന കേട്ട് ചിലരൊക്കെ സകലവും വിട്ട് അവനെ അനുഗമിച്ചു.

പത്രൊസിനെയും അന്ത്രെയൊസിനേയും കർത്താവ് വിളിച്ചപ്പോൾ "അവർ വല വിട്ടേച്ച് അവനെ അനുഗമിച്ചു"വെങ്കിൽ യാക്കോബും യോഹന്നാനും 'പടകിനേയും അപ്പനേയും വിട്ടു അവനെ അനുഗമിച്ചു' എന്നാണ് നാം വായിക്കുന്നത്. അനുഗമിക്കുവാനായി വിളിക്കുമ്പോൾ ഒഴികഴിവുപറയുന്നവരെയോ പോയിട്ട് വരാമെന്നു പറയുന്നവരെയോ ഒന്നും കർത്താവ് അതിന് അനുവദിച്ചിരുന്നില്ല. എന്നാൽ 'ഞാൻ നിന്നെ അനുഗമിക്കാ'മെന്ന് പറഞ്ഞ് അടുത്തുകൂടിയ ചിലരോട് കർത്താവ് അവരുടെ ആന്തരിക ഉദ്ദേശ്യങ്ങൾ വെളിപ്പെടുമാറ് മറുപടി നല്കുക മാത്രമാണ് ചെയ്തത്. ഓരോരുത്തരുടെയും അനുഗമിക്കുവാനുള്ള ഹൃദയവാഞ്ഛയും ഉദ്ദേശ്യവും ഭാവവുമൊക്കെ ഗ്രഹിച്ചിരുന്നതുകൊണ്ടായിരുന്നു കർത്താവു പലരോടും പലവിധത്തിൽ പ്രതികരിച്ചത്.

"എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ച് നാൾതോറും തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ" (ലൂക്കൊ. 9.23) എന്നതായിരുന്നു അനുഗമിക്കുവാൻ സ്വയമേവ താത്പര്യപ്പെടുന്നവർക്കുള്ള വ്യവസ്ഥ. ഈ വ്യവസ്ഥയ്ക്കു വിധേയപ്പെടുവാൻ മനസ്സില്ലാത്തവരെ ആരെയും കർത്താവ് തന്നെ അനുഗമിക്കുവാൻ അനുവദിച്ചിരുന്നില്ല. അപ്പനെ കുഴിച്ചിടുവാനുള്ള അവകാശം പോലും ചിലർക്കു അനുവദിച്ചില്ല. ദൈവം തന്നെ അനുഗമിക്കുവാൻ അനുവദിക്കുകയും ശുശ്രൂഷകൾ ഭരമേല്പിക്കയും ചെയ്യുന്നവരിൽ നിന്നും പ്രതീക്ഷിക്കുന്ന അത്യുന്നതമായ അർപ്പണബോധത്തിന്റെ വെളിപ്പെടുത്തൽ കൂടെയാണിത്. 'എന്നെ അനുഗമിക്ക' എന്ന കർത്താവിന്റെ കല്പന കേട്ട് അനുഗമിക്കുവാൻ സന്നദ്ധരാകുന്നവർ സകലവും വിട്ടു അനുഗമിക്കണമെന്നു മാത്രമല്ല, എന്തും സഹിക്കുവാൻ സന്നദ്ധരുമായിരിക്കണം.

അവനെ അനുഗമിച്ചാൽ തന്റെ ജീവിതം സുരക്ഷിതമായിരിക്കുമെന്ന വിചാരത്തിൽ നീ എവിടെ പോയാലും ഞാൻ നിന്നെ അനുഗമിക്കാമെന്നു പറഞ്ഞവരോട്, നിങ്ങൾ പ്രതീക്ഷിക്കുന്നതുപോലെ തനിക്കൊപ്പമുള്ള

ജീവിതം അത്ര സുഖപ്രദമായിരിക്കില്ലെന്നു വെളിപ്പെടുത്തുവാനും കർത്താവു മടിച്ചില്ല. "കുറുനരികൾക്കു കുഴിയും ആകാശത്തിലെ പറവജാതിക്കു കൂടും ഉണ്ട്; മനുഷ്യപുത്രനോ തലചായിപ്പാൻ സ്ഥലമില്ല" എന്നാണ് അവൻ പറഞ്ഞത്. (ലൂക്കൊ.9:58, മത്താ.8:19,20). "അവൻ ദിവസേന പകൽ ദൈവാലയത്തിൽ ഉപദേശിച്ചു പോന്നു, രാത്രി ഒലിവുമലയിൽപോയി പാർക്കും" എന്ന വചനഭാഗവും അവന് പാർക്കുവാൻ ഇടമില്ലായിരുന്നു എന്ന് വെളിപ്പെടുത്തുന്നു. (ലൂക്കൊ. 21:3)

ഞാൻ മുമ്പേപോയി അപ്പനെ അടക്കിയിട്ടുവരാമെന്നു പറഞ്ഞവന്റെ മനോഭാവവും ആദ്യം വീട്ടിലുള്ളവരോടു യാത്രപറയുവാൻ അനുവാദം തരേണമെന്നു പറഞ്ഞവന്റെ ഹൃദയവിചാരവും അറിഞ്ഞ കർത്താവ്, തന്നെ അനുഗമിക്കുവാൻ ഇച്ഛിക്കുന്നവൻ അക്കാര്യത്തിനാണ് മുൻഗണന നല്കേണ്ടതെന്ന് അസന്നിഗ്ദമായി വെളിപ്പെടുത്തി. അവർ കർത്താവിനെ വിശ്വസിച്ചിരുന്നവരാണെങ്കിലും അനുഗമിക്കുവാൻ മനസ്സില്ലാത്തവരായിരുന്നു.

കർത്താവിനെ അനുഗമിക്കുന്നവരെന്നും ലോകത്തിൽ നിന്നും വേർപെട്ടവരെന്നും അഭിമാനിക്കുന്ന നമ്മുടെ മുൻഗണന എന്തിനാണ്? വീട്ടുകാര്യങ്ങൾക്കോ അതോ ആത്മീയശുശ്രൂഷകൾക്കോ..? നാം അവനെ അനുഗമിക്കുന്നവരാണോ അതോ വെറുതെ വിശ്വസിക്കുന്നവർ മാത്രമോ ? നമുക്കു നമ്മെത്തന്നെ ശോധന ചെയ്യാം. ദൈവം കൃപ നല്കട്ടെ.


## സൗജന്യ വേദാദ്ധ്യയനം

**ഇംഗ്ലീഷിലോ മലയാളത്തിലോ ഉള്ള വേദപാഠങ്ങൾ തപാൽ വഴി പഠിച്ച് ഡിപ്ലോമായും പഴയതും പുതിയതും നിയമങ്ങൾ അടങ്ങിയ മുഴുവേദപുസ്തകവും കരസ്ഥമാക്കുക.**

*സൗജന്യ കറസ്പോണ്ടൻസ് കോഴ്സുകൾക്ക് എഴുതേണ്ട വിലാസം:*

**The Director**
Good News Ministries
Akkulam Road, Trivandrum - 695 031.

# ആരോഗ്യഡയറി

**ഡോ. ചാൾസ് ജോൺ, തിരുവനന്തപുര**

ഈയിടെ ഞാൻ എന്റെ സഹധർമ്മിണിയുമായി ഒരു ഡോക്ടറെ കാണാൻ പോയിരുന്നു. ഹൃദ്രോഗവിദഗ്ധനായ അദ്ദേഹം പറഞ്ഞ ഒരു കാര്യം എനിക്കു വളരെ ആകർഷകമായിത്തോന്നി. അത് ഒരു ആരോഗ്യഡയറി നാമോരുത്തരും സൂക്ഷിക്കണം എന്നതാണ്. നമ്മളൊക്കെ പുതുവർഷമാകുന്നതിനു മുമ്പുതന്നെ വിലയേറിയ ഡയറികൾ വാങ്ങി സൂക്ഷിക്കും. അതുകൂടാതെ ബാങ്കുകളും മറ്റും സൗജന്യമായും ഡയറി നല്കും. ദിനവൃത്താന്തങ്ങൾ എഴുതിസൂക്ഷിക്കുക അനേകരുടെയും ഒരു ജീവിതശൈലി തന്നെയെന്നു പറയാം. ചിലർ അതു വരവുചെലവു കണക്കു സൂക്ഷിക്കാനായിരിക്കും ഉപയോഗപ്പെടുത്തുക. മറ്റുചിലരാകട്ടെ നേരം വെളുത്താൽ വൈകുന്നതുവരെ തങ്ങൾ ചെയ്ത കാര്യങ്ങൾ, പരിചയപ്പെടുകയോ ഇടപെടുകയോ ചെയ്തവരുടെ വിവരം, ഫോൺ നമ്പരുകൾ, വിലാസങ്ങൾ എന്നുവേണ്ട, ആവശ്യമുള്ളതും ഇല്ലാത്തതും ഒക്കെ എഴുതിനിറയ്ക്കും. മിക്ക ഡയറികളിലും ഒരു ദിവസത്തേക്കു ഒരു പേജു കാണും. കുറെ എഴുതാൻ സ്ഥലമായി. ആത്മീയകാര്യങ്ങളിൽ താത്പര്യമുള്ളവർ അവരുടെ ആത്മികജീവിതത്തെ പരിപോഷിപ്പിക്കുന്ന കാര്യങ്ങൾ എഴുതും. ഉദാഹരണമായി പ്രസംഗക്കുറിപ്പുകൾ, അന്നന്നു ധ്യാനിക്കുന്നതിൽ നിന്നും പ്രായോഗികജീവിതത്തിൽ പകർത്തേണ്ട കാര്യങ്ങൾ, പ്രാർത്ഥനാവിഷയങ്ങൾ ഇത്യാദി എഴുതി സൂക്ഷിക്കും.

ഇന്നു മുമ്പെങ്ങുമില്ലാത്തതുപോലെ മദ്ധ്യവർത്തി സമൂഹത്തിൽ വർദ്ധിച്ചിരിക്കുന്ന മാരകരോഗങ്ങളാണ് ഹൃദ്രോഗം, ക്യാൻസർ, പ്രമേഹം, ശ്വാസകോശസംബന്ധമായ രോഗങ്ങൾ എന്നിവ. അവയുടെ പ്രതിരോധത്തിനു നമ്മുടെ ഭക്ഷണക്രമം നിർണ്ണായകമായ പങ്കാണു വഹിക്കുന്നത്. അമിതമായ ഭക്ഷണംപോലെ തന്നെ അസമയത്തുള്ള ഭക്ഷണം, കൊഴുപ്പിന്റെ അതിപ്രസരം, ഫാസ്റ്റ് ഫുഡുകളുടെ അധിനിവേശം, ഹോട്ടലുകളിലെ ബഫേകളിൽ നിന്നുള്ള സ്ഥിരമായ ശാപ്പാട് ഇവയെല്ലാം അപകടം വിളിച്ചുവരുത്തുന്ന ഭക്ഷണരീതികളാണ്. ദമ്പതിമാർ ഇരുവരും ജോലിചെയ്ത് സാമ്പത്തികഭദ്രത കൈവരിച്ചതോടെ വീടുകളിലെ പാചകത്തോടു വീട്ടമ്മമാർ വിടപറയുന്ന പ്രവണത വ്യാപകമായിട്ടുണ്ട്. വീടിനുവെളിയിലുള്ള ഭോജനശാലകൾ വിളമ്പുന്ന ഭോജ്യങ്ങൾ കുടുംബത്തിന്റെ ആരോഗ്യത്തെ എത്രകണ്ടു ബാധിക്കുന്നുവെന്ന് ചിന്തിച്ചാൽ

വെളിയിൽനിന്നും ഭക്ഷിക്കുന്നതിന്റെ തവണകൾ എങ്കിലും നമ്മൾ കുറയ്ക്കുമെന്നുള്ളതിനു രണ്ടു പക്ഷമില്ല. താഴെക്കിടയിലുള്ളവർക്കു വേണ്ടതരത്തിലുള്ള വൈദ്യസഹായം ലഭിക്കാത്തതുകൊണ്ട് അവരുടെ ഇടയിലും ഈ രോഗങ്ങൾ വ്യാപകമാകുന്നു. പുകയിലയുടെ ഉപയോഗം, വ്യായാമക്കുറവ്, മദ്യപാനം, അനാരോഗ്യകരമായ ഭക്ഷണക്രമം ഇവയാണ് പ്രശ്നത്തിന്റെ മൂലകാരണങ്ങൾ. ഈ പ്രശ്നങ്ങൾ പരിഹരിച്ചാൽ മേല്പറഞ്ഞ രോഗങ്ങളെ ഒരളവുവരെ പ്രതിരോധിക്കുവാൻ സാധിക്കും.

അമേരിക്കയിൽ എല്ലാ വർഷവും മെയ് 8 മുതൽ 14 വരെയുള്ള ഒരാഴ്ചയെ സ്ത്രീകളുടെ ആരോഗ്യവാരമായിട്ട് വേർതിരിച്ചിട്ടുണ്ട്. മെയ് 9 സ്ത്രീകളുടെ ആരോഗ്യ ചെക്അപ് ദിനമാണ്. ഇതിന്റെ ഉദ്ദേശ്യം സ്ത്രീകൾ തങ്ങളുടെ ആരോഗ്യത്തെ ഒന്നു ശ്രദ്ധിക്കുക എന്നതാണ്. വിവാഹിതരും കുടുംബസ്ഥരുമായ വനിതകൾ ഭർത്താവ്, മക്കൾ ഇവരുടെ ആരോഗ്യത്തിനാണ് മുൻഗണന കൊടുക്കുന്നത്. അതു നല്ലകാര്യമാണെങ്കിലും അവരവരുടെ ആരോഗ്യത്തിനും ശ്രദ്ധചെലുത്തേണ്ടത് ഒഴിച്ചുകൂടാൻ പാടില്ലാത്ത കാര്യമാണ്. സ്വന്തആരോഗ്യത്തെക്കുറിച്ച് ശ്രദ്ധിക്കാതെ ജീവിക്കുന്ന സ്ത്രീകൾ രോഗികളാകുമ്പോഴാണ് അവർ കൂടുതൽ ബുദ്ധിമുട്ടുന്നത്. നമ്മൾ 'ഓടിനടക്കുമ്പോൾ' തന്നെ നമ്മുടെ ആരോഗ്യം കൂടി ശ്രദ്ധിക്കണം. നാഷണൽ ഹെൽത്ത് വീക്കിന്റെ മുഖ്യ ഉദ്ദേശ്യം സ്ത്രീകളുടെ ആരോഗ്യബോധവത്ക്കരണമാണ്. സ്ത്രീകൾ തങ്ങളുടെ ശാരീരിക മാനസികാരോഗ്യ പരിപാലനത്തിനു അതർഹിക്കുന്ന പരിഗണന കൊടുക്കാൻ ഈ വാരം പ്രയോജനപ്പെടുത്തുന്നു. രോഗനിർണ്ണയവും രോഗപ്രതിരോധവുമാണ് അതിലൂടെ സാധിക്കുന്ന രണ്ടു നേട്ടങ്ങൾ.

അടുത്ത് നമ്മുടെ ചിന്തയ്ക്കു വിഷയീഭവിക്കേണ്ട വസ്തുത ആണ്ടിലൊരിക്കലുള്ള മെഡിക്കൽ ചെക്അപ് ആണ്. ഓരോ പ്രായക്കാർക്കും അവരവരുടേതായ പരിശോധനകൾ ആവശ്യം. 19 വയസ്സുമുതൽ ഈ ചെക് അപ് ആവശ്യമാണ്. ഉദാഹരണമായി 19-39 പ്രായമുള്ളവരെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ് അമിതഭാരം, ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം, തൈറോയ്ഡ്, തൊലിപ്പുറത്തെ രോഗങ്ങൾ, വിഷാദരോഗം തുടങ്ങിയവ. രക്തസമ്മർദ്ദം, കൊളസ്ട്രോൾ ഇവ രണ്ടു വർഷത്തിൽ ഒരിക്കലെങ്കിലും ചെക്ക് ചെയ്യിക്കേണ്ടതാണ്. 40 വയസ്സിനു മേൽ പ്രായമുള്ള വനിതകൾ രണ്ടു വർഷത്തിൽ ഒരിക്കലെങ്കിലും മാമോഗ്രാം (X-ray of the breast) ചെയ്യിച്ചിരിക്കണം. 45 വയസ്സിനുമേൽ പ്രായമുള്ളവർ മേല്പറഞ്ഞ ടെസ്റ്റുകൾ കൂടാതെ വർഷത്തിൽ ഒരിക്കലെങ്കിലും പ്രമേഹത്തിന്റെ ടെസ്റ്റുകൾ ചെയ്യിക്കണം. എന്തെങ്കിലും രോഗലക്ഷണങ്ങൾ കണ്ടാൽ സ്വയം

ചികിത്സിക്കാതെ എത്രയും വേഗം ഡോക്ടറെ സമീപിക്കേണ്ടതാണ്.

നമ്മുടെ സ്ത്രീകൾ പുകവലിക്കാറില്ല എന്നു കരുതാനാണ് ഞാൻ ആഗ്രഹിക്കുന്നത്. അതുപോലെ മദ്യപാനവും ചെയ്കയില്ല എന്നു എഴുതാൻ ആഗ്രഹമുണ്ടെങ്കിലും അങ്ങനെ എഴുതിയാൽ അതു സത്യമല്ല എന്നാണു ഞാൻ മനസ്സിലാക്കുന്നത്. മലങ്കര മേജർ ആർച്ച് ബിഷപ്പ് മാർ ബസേലിയോസ് ക്ലിമ്മിസ് കാതോലിക്കാ ബാവാ ഈയിടെ പറഞ്ഞത് വർത്തമാനപ്പത്രത്തിൽ നാം വായിച്ചിരിക്കാം. അദ്ദേഹം പറഞ്ഞത്, ആധുനികലോകത്തിൽ ഫാഷനുപിന്നാലെ പോയി സ്ത്രീകളും മദ്യത്തിൽ ആസക്തരാണ് എന്നാണ്. പുകലി, മദ്യപാനം ഇവ ആരോഗ്യത്തിന് ഹാനികരമാണെന്ന് ഓർക്കുക.

ആരോഗ്യപരിപാലനത്തിൽ വ്യായാമത്തിനു പുരുഷന്മാർ കുറെയൊക്കെ സ്ഥാനം കൊടുത്തു തുടങ്ങിയിട്ടുണ്ടെങ്കിലും സ്ത്രീകൾ അക്കാര്യത്തിൽ വളരെ പിന്നോക്കമാണെന്നു പറഞ്ഞേ മതിയാവൂ. ചില പുരുഷന്മാർ ചെയ്യുന്നതുപോലെ സ്ത്രീകൾ ജിമ്മിലൊന്നും (Gym) പോകണമെന്നല്ല ഞാൻ പറയുന്നത്. പക്ഷേ, ആഴ്ചയിൽ അഞ്ചു ദിവസമെങ്കിലും 30 മുതൽ 45 മിനിറ്റു വരെ വേഗത്തിൽ നടക്കുന്നത് ഒരു ശീലമാക്കിയാൽ പല രോഗങ്ങൾക്കും നല്ലൊരു പ്രതിരോധമായിരിക്കും അത്. അമിതവണ്ണമുണ്ടാകുമെന്നും പേടിക്കേണ്ട.

ഇനി ആരോഗ്യഡയറിയെക്കുറിച്ച്: ഏതു പ്രായത്തിലുള്ളവരും അവശ്യം സൂക്ഷിക്കേണ്ട ഒന്നാണ് ആരോഗ്യഡയറി. പ്രതിരോധകുത്തിവയ്പുകൾ, അതു എടുത്ത തീയതി തുടങ്ങി നിങ്ങളുടെ ആരോഗ്യവുമായി ബന്ധപ്പെട്ട എല്ലാ വസ്തുതകളും രേഖപ്പെടുത്താൻ ഒരു ഇരുനൂറു പേജിന്റെ നോട്ട്ബുക്ക് ഉപയോഗിക്കുക. ഒരു സാധാരണ ജലദോഷം തുടങ്ങി ഏതു ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായാലും അതു തീയതി വച്ച് ആ ഡയറിയിൽ കുറിക്കുക. എടുത്ത മരുന്നുകൾ. എത്ര ദിവസം കൊണ്ടു സൗഖ്യമായി ഇത്തരം വിവരങ്ങൾ വളരെ പ്രയോജനകരമായി പരിണമിക്കും. വിവിധ ഭക്ഷണങ്ങൾ, മരുന്നുകൾ ഇവ കഴിച്ചാൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ, അലേർജികൾ ഇവ എല്ലാം എഴുതി വയ്ക്കുക. ഡോക്ടറെയോ, ആശുപത്രിയെയോ സമീപിക്കുന്ന സന്ദർഭങ്ങളിൽ നിങ്ങളുടെ ആരോഗ്യഡയറി കൂടെ കരുതിക്കൊള്ളുക. നമുക്കു അനുയോജ്യമായ ചികിത്സ ലഭിക്കുന്നതിനു നമ്മുടെ 'കേസ് ഹിസ്റ്ററി'യായ ഡയറി വളരെ ഉപകരിക്കും. ഒന്നു പരീക്ഷിച്ചുനോക്കുക.

ചെറുപ്പം മുതല്ക്കേ ഭക്ഷണം, ഉപയോഗിക്കുന്ന മരുന്നുകൾ, വിശിഷ്യ ആന്റിബയോട്ടിക്കുകൾ ഇവയിൽ മിതത്വം പാലിക്കയും പ്രായത്തിനു അനുസൃതമായ വ്യായാമങ്ങൾ ചെയ്കയും ലഹരിപദാർത്ഥങ്ങൾ

വർജ്ജിക്കയും അങ്ങനെ ക്രമീകൃതമായ ഒരു ജീവിതശൈലി അനുധാവനം ചെയ്താൽ ഇന്നു നാം അഭിമുഖീകരിക്കുന്ന നിരവധി ആരോഗ്യപ്രശ്നങ്ങൾ പ്രായമാകുമ്പോൾ നേരിടേണ്ടി വരുകയില്ല. മരുന്നുകൾ, പ്രത്യേകിച്ചും ആന്റിബയോട്ടിക്കുകൾ, അത്യാവശ്യത്തിനു മാത്രം ഉപയോഗിക്കുക. കാതോലിക്കാ ബാവാ പറഞ്ഞ മദ്യാസക്തി സ്ത്രീപുരുഷഭേദമെന്യേ ആർക്കും നല്ലതല്ല.

പിന്നൊരു കാര്യം. ഇത് അധികമാരും ഒരു ആരോഗ്യപ്രശ്നമായി പറയാത്ത വിഷയമാണ്. സ്വന്തമായി മോട്ടോർ ബൈക്കോ സ്കൂട്ടറോ കാറോ ഇല്ലാത്തവർ ഇന്നു ചുരുക്കം. ഇരുചക്രവാഹനങ്ങളിൽ യാത്രചെയ്യുമ്പോൾ ഹെൽമെറ്റു ധരിക്കുന്നത് ഒരു ശീലമാക്കുക. കാറിൽ യാത്ര ചെയ്യുമ്പോൾ സീറ്റ് ബെല്റ്റ് ധരിച്ചിരിക്കണം. നിയമത്തിലുപരി അതു യാത്രികന്റെ സുരക്ഷ ഉറപ്പാക്കുന്നതിനു ഉപകരിക്കും. പിന്നെ, രാജ്യത്തെ നിയമങ്ങൾ അക്ഷരംപ്രതി പാലിക്കേണ്ടത് ഓരോ പൗരന്റെയും കടമയാണ്. ആപത്കരങ്ങളായ പ്രവൃത്തികളൊന്നും ചെയ്യാതിരിക്കുക. ഒരു അപകടം സംഭവിച്ചാൽ അതൊരു ആരോഗ്യപ്രശ്നമാകും. ചിലപ്പോൾ ആയുസ്സിന്റെയും.

മേല്പറഞ്ഞ കാര്യങ്ങൾ ഞാൻ എന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കുമെന്ന് ദൈവത്തിലാശ്രയിച്ച് ഒരു തീരുമാനമെടുത്ത് തീരുമാനം പ്രവൃത്തിപഥത്തിലെത്തിച്ച് അരോഗദൃഢഗാത്രരായി



**ലൈഫ്സ് സിമ്പിൾ സെവൻ**
(American Heart Association)

1. പുകവലി പാടില്ല
2. ശരീരഭാരം നിയന്ത്രിച്ചു നിർത്തുക
3. കൃത്യമായി വ്യായാമം ചെയ്യുക.
4. ആരോഗ്യകരമായ ആഹാരം ശീലിക്കുക
5. രക്തസമ്മർദ്ദം ക്രമീകരിക്കുക
6. കൊളസ്ട്രോൾ ശ്രദ്ധിക്കുക
7. രക്തത്തിൽ പഞ്ചസാരയുടെ തോത് കൃത്യമാക്കുക.

*(മലയാള മനോരമ സെപ്തംബർ 18, 2011)*

## QUEST 23

(ഈ ലക്കം Quest-ലെ ചോദ്യങ്ങൾ യോവേൽ, ആമോസ് എന്നീ പ്രവചന പുസ്തകങ്ങളിൽ നിന്നാണ്)

1. സർവ്വശക്തന്റെ പക്കൽ നിന്ന് സംഹാരം പോലെ വരുന്നത് എന്ത്?
2. എന്തിനെ തന്നെ കീറണമെന്നാണ് യഹോവ അരുളിചെയ്തത്?
3. ജനങ്ങൾ ഉണർന്ന് ഏത് താഴ്വരയിലേക്ക് പുറപ്പെടാനാണ് ആഹ്വാനം ചെയ്തത്?
4. എളിയവരുടെ തലയിൽ മൺപൊടി കാണാൻ കാംക്ഷിക്കുന്നത് ആര്?
5. എവിടെ കടക്കരുതെന്നാണ് യഹോവ ഇസ്രയേൽ ഗൃഹത്തോടു അരുളിചെയ്തത്?
6. യഹോവ ആമോസിനെ പിടിച്ചത് എപ്പോൾ? കൊടുത്ത കല്പന എന്ത്?
7. അരാമ്യർ ബദ്ധന്മാരായി എങ്ങോട്ട് പോകേണ്ടിവരും എന്നാണ് യഹോവ അരുളിച്ചെയ്തത്?
8. ന്യായത്തെ നഞ്ചായും നീതിയെ കാഞ്ഞിരമായും മാറ്റിയിരിക്കുന്നത് ആര്?
9. എന്തിനെ ചൊല്ലി മുറയിടാനാണ് പറഞ്ഞത്?
10. ആരുടെ കൈയിൽ നിന്നാണ് യാതൊന്നും ഒഴിഞ്ഞു പോകാത്തത്?
11. യഹോവ അത്ഭുതങ്ങൾ കാണിക്കുന്നത് എവിടെ?.
12. ആരെ ഉദ്യോഗിപ്പിച്ച് എന്തിന് വേണ്ടി ഒരുങ്ങുവാനാണ് ആഹ്വാനം ചെയ്യപ്പെട്ടത്?.
13. എന്തൊക്കെ കൊണ്ടാണ് യഹോവ ഇസ്രയേലിനെ ശിക്ഷിച്ചത്?
14. ബേഥേലിൽ ഇനി പ്രവചിക്കരുതെന്ന് ആമോസിനോട് പറഞ്ഞതാര്?.
15. ന്യായവും, നീതിയും എന്തുപോലെ ആകാനാണ് യഹോവ കല്പിച്ചത്?.
16. ആരുടെ സന്തതിയെ ചൂണ്ടൽകൊണ്ട് പിടിച്ചുകൊണ്ടുപോകുന്ന കാലമാണ് വരുന്നത്?.
17. അമ്മോന്യരുടെ അതിക്രമം നിമിത്തം എന്താണ് സംഭവിച്ചത്?.
18. ആരാണ് ദുഃഖിക്കുന്നത്?
19. യൗവനക്കാർ എന്തുചെയ്യുമെന്നാണ് യഹോവ അരുളിച്ചെയ്തത്?
20. യഹോവയുടെ ആലയത്തിൽ നിന്ന് പുറപ്പെടുന്ന ഉറവ എന്ത് ചെയ്യും?.

---

### QUEST – 22 ന്റെ മുഴുവൻ ശരി ഉത്തരം അയച്ചവർ

1. ജിജി റോയി, മൻജൂർ, കോട്ടയം
2. ഹെൽനാ വിൽസൻ, വിലങ്ങന്നൂർ, പീച്ചി, തൃശൂർ
3. സി.എം. മാമൻ, അണുശക്തി നഗർ, ബോംബേ
4. മേഴ്സി ജോർജ്ജ്, തൃശൂർ
5. മോളിക്കുട്ടി ചാക്കോ, പടിയോട്ടുചാൽ, കണ്ണൂർ
6. റെയ്നാ സണ്ണി, നാടുകാണി, കോതമംഗലം

വിജയികൾക്കു ഞങ്ങളുടെ ഹൃദയംഗമമായ അനുമോദനത്തോടൊപ്പം ക്വസ്റ്റിൽ പങ്കെടുത്ത ഏവർക്കും ഞങ്ങളുടെ നന്ദിയും അഭിനന്ദനങ്ങളും അറിയിച്ചുകൊള്ളുന്നു.

Quiz Master

## QUEST– 22 ന്റെ ഉത്തരങ്ങൾ

| | | |
|---|---|---|
| 1. | ബുദ്ധിമാന്മാർ | – ദാനീ. 12:3 |
| 2. | എന്റെ ജനമല്ല | – ഹോശേ. 1:9 |
| 3. | ശദ്രക്ക്, മേശക്, അബേദ്നെഗോ | – ദാനീ. 3:12 |
| 4. | ശിക്ഷാദിവസത്തിൽ | – ഹോശേ. 5:9 |
| 5. | പുരോഹിതന്മാർ | – ഹോശേ. 6:9 |
| 6. | യെരുശലേമിന് | – ദാനീ. 2:10 |
| 7. | യഹോവയുടെ കാറ്റ് | – ഹോശേ. 13:15 |
| 8. | ദാനീയേൽ, ഹനന്യാവ്, മീശായേൽ, അസര്യാവ് | – ദാനീ. 1:6 |
| 9. | പാർസി രാജാക്കന്മാരെ | – ദാനീ. 8:20 |
| 10. | ഭർത്താവ് | – ഹോശേ. 2:16 |
| 11. | വടക്കേ ദേശത്തിലെ രാജാവ് | – ദാനീ. 11:40 |
| 12. | നശിച്ചുപോകുന്നു | – ഹോശേ. 4:6 |
| 13. | നെബൂഖദ്നേസർ | – ദാനീ. 2:46 |
| 14. | ദാനീയേൽ | – ദാനീ. 10:5,7 |
| 15. | അഹശ്വേരോശ് | – ദാനീ. 9:1 |
| 16. | നെബൂഖദ്നേസർ | – ദാനീ. 4:33 |
| 17. | ഏലാം സംസ്ഥാനത്തിൽ | – ദാനീ. 8:2 |
| 18. | ദാനീയേൽ | – ദാനീ. 5:11 |
| 19. | എഫ്രയീമിനെ | – ഹോശേ. 7:11 |
| 20. | ദാനീയേലിന്റെ ദൈവത്തിന്റെ | – ദാനീ. 6:26 |

### പ്രത്യേക ശ്രദ്ധയ്ക്ക്

QUEST 23ന്റെ ഉത്തരങ്ങൾ റെഫറൻസു സഹിതം 2012 ഏപ്രിൽ 20-നകമായി ഞങ്ങൾക്കു ലഭിക്കത്തക്കവിധം അയയ്ക്കണമെന്നു അഭ്യർത്ഥിക്കുന്നു.

**ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം:**

ക്രൈസ്തവ വനിത ക്വിസ്
ഗുഡ്ന്യൂസ്, ആക്കുളം റോഡ്
തിരുവനന്തപുരം 695 031

A bi-monthly publication by
Smt. Preetha Denny
Good News
Akkulam Road
Trivandrum 695 031